16
2024
മാർച്ച്
ശനി
മീനം 3

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.154 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-154 പേജ് 4. വില 2.00 രൂപ

02 വിദേശജോലി വാഗ്ദാനം ചെയ്ത് പണം തട്ടിയ കേസിൽ യുവാവ് അറസ്റ്റിൽ

03 ജനങ്ങൾക്ക് അങ്ങനെയെങ്കിലും അരി കിട്ടട്ടെ: സുരേഷ്ഗോപി

04 കൊല്ലത്ത് ഇടതുമുന്നണി ഉജ്വല വിജയം നേടും: കെ.എൻ .ബാലഗോ പാൽ

# കേരളത്തിൽ രണ്ടും രാജ്യത്ത് നാനൂറിലധികം സീറ്റ് നേടും: മോദി



പത്തനംതിട്ട: ഇത്തവണ കേരളത്തിൽ താമര വിരിയുമെന്ന് ഉറപ്പാണെന്നും കേരളത്തിൽ എൻഡിഎയിൽനിന്ന് വിജയിക്കുന്നവരുടെ എണ്ണം രണ്ടക്കം കടക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. എൻ.ഡി.എ.യുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി പത്തനംതിട്ടയിലെത്തിയ മോദി പൊതുസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു.

സ്വാമിയെ ശരണമയ്യപ്പാ എന്ന് ശരണംവിളിച്ചുകൊണ്ടാണ് മോദി പ്രസംഗം ആരംഭിച്ചത്. കേരളത്തിൽ ഇത്തവണ താമര വിരിയുമെന്നും രാജ്യത്ത് ബിജെപി നാനൂറിലധികം സീറ്റ് നേടുമെന്നും മോദി പറഞ്ഞു. 'കേരളത്തിൽ അഴിമതിയും കെടുകാര്യസ്ഥതയും നിറഞ്ഞ സർക്കാരുകളാണ് മാറിമാറിവരുന്നത്. കേരളത്തിലെ റബ്ബർ കർഷകർ വളരെ ബുദ്ധിമുട്ടുന്നു. എൽഡിഎഫും യുഡിഎഫും ഇക്കാര്യത്തിൽ കണ്ണടച്ചിരിക്കുകയാണ്. കേരളത്തിൽ നിയമസംവിധാനം മോശമാണ്. ക്രൈസ്തവ പള്ളികളിലെ പുരോഹിതരടക്കം അക്രമത്തിന് ഇരയാവുന്നു. കേരളത്തിലെ കോളേജുകൾ കമ്മ്യൂണിസ്റ്റുകാരുടെ താവളമായി മാറിയിരിക്കുകയാണ്. ജനങ്ങൾ ഭയത്തിലാണ് ജീവിക്കുന്നത്. കേരളത്തിലെ ഈ മോശം സ്ഥിതിയ്ക്ക് മാറ്റം വരണമെങ്കിൽ മാറിമാറി വരുന്ന സർക്കാരുകൾ ഇല്ലാതാകണം. എന്നാൽ, മാത്രമേ കേരളത്തിന് മോചനം ഉണ്ടാകൂ', പ്രധാനമന്ത്രി പറഞ്ഞു.

എൽഡിഎഫിനെയും യുഡിഎഫിനെയും കടന്നാക്രമിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. എൻഡിഎ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി പത്തനംതിട്ടയിലെ പൊതുസമ്മേളന വേദിയിലെത്തിയ അദ്ദേഹം സിപിഎമ്മിനെയും കോൺ?ഗ്രസിനെയും നിശിതമായി വിമർശിച്ചു. കേരളത്തിൽ അധികാരത്തിനായി മാത്രം പ്രവർത്തിക്കുന്ന രാഷ്ട്രീയ കക്ഷികളാണുള്ളതെന്നും ഇവർ ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

എൽഡിഎഫും യുഡിഎഫും കേരളത്തിൽ പരസ്പരം ഏറ്റുമുട്ടുന്നതായി അഭിനയിക്കുകയാണ്. ഡൽഹിയിലെത്തിയാൽ ഇവർ തോളോടുതോൾ ചേരും. ഇരുകൂട്ടരും ചേർന്ന് കേരളത്തിലെ ജനങ്ങളെ കബളിപ്പിക്കുകയാണ്. ഒരിക്കൽ പുറത്താക്കപ്പെട്ടാൽ പിന്നീട് ആ സംസ്ഥാനത്തെ ജനതയ്ക്ക് കോൺ?ഗ്രസിനെയും കമ്മ്യൂണിസ്റ്റ് പാർട്ടിയെയും വേണ്ട. അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ 1962ൽ ആണ് കോൺ?ഗ്രസ് അവസാനമായി വിജയിച്ചത്. ഇതുവരെ അവർക്ക് തിരിച്ചുവരാൻ സാധിച്ചിട്ടില്ല. യുപി, ഗുജറാത്ത്, ബംഗാൾ എന്നിവിടങ്ങളിൽ നാല് പതിറ്റാണ്ടുമുൻപാണ് കോൺഗ്രസിന്റെ സർക്കാർ ഉണ്ടായിരുന്നത്. ഒറീസയിൽ മൂന്നുപതിറ്റാണ്ടുമുൻപ് കോൺഗ്രസ് പുറത്താക്കപ്പെട്ടു. കോൺഗ്രസിന് ഒരു പാർലമെന്റ് അംഗം പോലും ഇല്ലാത്ത സംസ്ഥാനങ്ങൾ ഉണ്ട്, മോദി പറഞ്ഞു.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശക്തികേന്ദ്രങ്ങളായിരുന്ന ത്രിപുരയിലേയും ബം?ഗാളിലേയും ഇപ്പോളത്തെ സ്ഥിതിനോക്കൂ. ജനങ്ങൾ കമ്മ്യൂണിസ്റ്റുകാരെ തിരിച്ചറിഞ്ഞു. അവരെ അധികാരത്തിൽനിന്ന് തൂത്തെറിഞ്ഞു. ഭരിച്ച സംസ്ഥാനങ്ങളിലെ ജനങ്ങൾക്ക് കോൺ?ഗ്രസും കമ്മ്യൂണിസ്റ്റുപാർട്ടിയും നഷ്ടം മാത്രമാണ് ഉണ്ടാക്കിയത്, പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

കേരളത്തിലെ ജനങ്ങൾ പുരോ?ഗമനപരമായി ചിന്തിക്കുന്നവരാണെന്നും എന്നാൽ, കോൺ?ഗ്രസും കമ്മ്യൂണിസ്റ്റ് പാർട്ടിയും നൂറ്റാണ്ടുകൾക്കു പിന്നിലുള്ള ചിന്താ?ഗതി വെച്ചുപുലർത്തുന്നവരാണെന്നും നരേന്ദ്രമോദി വിമർശിച്ചു. സാംസ്കാരികമായി മുന്നിൽനിൽക്കുന്ന കേരള ജനതയെ നയിക്കാൻ ഇവർക്ക് സാധിക്കില്ല. കേരളത്തിന്റെ സംസ്കാരം എന്നത് ആധ്യാത്മികതയുമായി ചേർന്നുനിൽക്കുന്നതാണ്. പക്ഷെ, കോൺ?ഗ്രസും കമ്മ്യൂണിസ്റ്റ് പാർട്ടിയും വിശ്വാസത്തെ തകർക്കാനുള്ള ശ്രമത്തിലാണ്. ഇവരുടെ രാഷ്ട്രീയം സമൂഹത്തെ ഭിന്നിപ്പിക്കലാണ്. അക്രമ രാഷ്ട്രീയത്തിൽ വിശ്വസിക്കുന്നവരാണ് ഇവർ. എൽഡിഎഫ് സ്വർണത്തിന്റെ രൂപത്തിൽ കൊള്ള നടത്തുന്നുവെങ്കിൽ സോളാർ പവറിന്റെ രൂപത്തിലാണ് കോൺ?ഗ്രസിന്റെ കൊള്ളയെന്നും മോദി പരിഹസിച്ചു.

## വിഴിഞ്ഞം സമരം; കേസുകൾ പിൻവലിച്ചു

വിഴിഞ്ഞം : വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനെതിരെ 2022ൽ നടന്ന സമരത്തിൽ രജിസ്റ്റർ ചെയ്ത കേസുകൾ സർക്കാർ പിൻവലിച്ചു. 199 കേസുകളാണ് ആകെ രജിസ്റ്റർ ചെയ്തിരുന്നത് ഇതിൽ ഗുരുതര സ്വഭാവമില്ലാത്ത 157 എണ്ണമാണ് പിൻവലിക്കാൻ സർക്കാർ തീരുമാനിച്ചത് . ഈ കേസുകൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച വിവിധ അപേക്ഷകളുടെ അടിസ്ഥാനത്തിലാണ് സർക്കാർ കേസുകൾ പിൻവലിക്കാൻ തീരുമാനം എടുത്തത്.

## കേരളത്തിൽ ഷവർമ വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന; 54 സ്ഥാപനങ്ങൾ പൂട്ടി

തിരുവനന്തപുരം : ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ ഷവർമ വ്യാപാര സ്ഥാപനങ്ങളിൽ സംസ്ഥാന വ്യാപക പരിശോധന. 43 സ്‌ക്വാഡുകളുടെ നേതൃത്വത്തിൽ 502 വ്യാപാര കേന്ദ്രങ്ങളിലായിരുന്നു പരിശോധന. കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തനം നടത്തിയ 54 സ്ഥാപനങ്ങളിലെ ഷവർമ നിർമ്മാണവും വിൽപനയും തടഞ്ഞതായി ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു. 88 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിങ് നോട്ടിസും 61 സ്ഥാപനങ്ങൾക്ക് റെക്റ്റിഫിക്കേഷൻ നോട്ടിസും നൽകി. ഇതുകൂടാതെ വേനൽക്കാലം മുൻനിർത്തി പ്രത്യേക പരിശോധനകളും നടന്നു വരുന്നതായും മന്ത്രി വ്യക്തമാക്കി. വൃത്തിഹീനമായ അന്തരീക്ഷത്തിൽ ഷവർമ നിർമ്മാണം നടക്കുന്നുവെന്ന പരാതിയെ തുടർന്നായിരുന്നു പരിശോധന. ഷവർമ നിർമ്മാണവും വിൽപനയും നടത്തുന്ന സ്ഥാപനങ്ങൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണെന്ന് മന്ത്രി അറിയിച്ചു. ഭക്ഷ്യ സുരക്ഷാ കമ്മിഷണർ ജാഫർ മാലിക്കിന്റെ നേതൃത്വത്തിൽ ഭക്ഷ്യ സുരക്ഷാ ജോയിന്റ് കമ്മിഷണർ തോമസ് ജേക്കബ്, ഡപ്യൂട്ടി കമ്മിഷണർമാരായ എസ്.അജി, ജി.രഘുനാഥ കുറുപ്പ്, വി.കെ. പ്രദീപ് കുമാർ എന്നിവർ പരിശോധനകൾക്കു നേതൃത്വം നൽകി.

ഷവർമ നിർമ്മിക്കുന്നവർ ശാസ്ത്രീയമായ ഷവർമ പാചക രീതിയെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതും വകുപ്പിന്റെ ബോധവത്കരണ ക്ലാസുകളിൽ പങ്കെടുത്ത് മാർഗ നിർദേശങ്ങൾ സ്വന്തം സ്ഥാപനങ്ങളിൽ നടപ്പിൽ വരുത്തേണ്ടതുമാണ്. പ്രാഥമികഘട്ട ഉൽപാദന സ്ഥലം മുതൽ ഉപയോഗിക്കുന്ന സ്റ്റാൻഡ്, മേശ എന്നിവ പൊടിയും അഴുക്കും പറ്റുന്ന രീതിയിൽ തുറന്നു വയ്ക്കാതെ വൃത്തിയുള്ളതായിരിക്കണം.

## 2024 ലോക്സഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപനം ശനിയാഴ്ച നടത്തുമെന്ന് തിരഞ്ഞെടുപ്പ് കമ്മിഷൻ

ന്യൂഡൽഹി: 2024 ലോക്സഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപനം ശനിയാഴ്ച വൈകീട്ട് മൂന്ന് മണിക്ക് നടത്തുമെന്ന് തിരഞ്ഞെടുപ്പ് കമ്മിഷൻ. സിക്കിം, ആന്ധ്രപ്രദേശ്, ഒഡീഷ, അരുണാചൽ പ്രദേശ് സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പും തീയതിയടക്കം നാളെ പ്രഖ്യാപിക്കും. ജമ്മു കശ്മീർ നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പും പ്രഖ്യാപിക്കുമോ എന്നത് ആകാംക്ഷയാണ്.

മുൻ കേരള കേഡർ ഐ.എ.എസ്. ഉദ്യോഗസ്ഥൻ ഗ്യാനേഷ് കുമാർ, മുൻ ഉത്തരാഖണ്ഡ് കേഡർ ഐ.എ.എസ്. ഉദ്യോഗസ്ഥൻ സുഖ്ബീർ സിങ് സന്ധു എന്നിവർ പുതി കമ്മിഷണർമാരായി ചുമതലയേറ്റെടുത്തതിന് പിന്നാലെയാണ് തിരഞ്ഞെടുപ്പ് പ്രഖ്യാപനം ശനിയാഴ്ചയുണ്ടാകുമെന്ന് കമ്മീഷൻ അറിയിച്ചിരിക്കുന്നത്.

മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാറിനൊപ്പം രണ്ട് കമ്മീഷണർമാരും തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചുകൊണ്ടുള്ള വാർത്താസമ്മേളനത്തിൽ പങ്കെടുക്കും.

## ഡൽഹി മദ്യനയക്കേസിൽ ബിആർഎസ് നേതാവ് കെ. കവിത അറസ്റ്റിൽ; കെജ്‌രിവാളിന്റെ സ്റ്റേ ആവശ്യം കോടതി തള്ളി

ന്യൂഡൽഹി: ഡൽഹി മദ്യനയ അഴിമതിക്കേസിൽ ബി.ആർ.എസ്. നേതാവും കെ. ചന്ദ്രശേഖർ റാവുവിന്റെ മകളുമായ കെ. കവിത അറസ്റ്റിൽ. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റാണ് കവിതയെ അറസ്റ്റുചെയ്തത്. നേരത്തെ കവിതയുടെ ഹൈദരാബാദിലെ വസതിയിൽ ഇ.ഡി. പരിശോധന നടത്തിയിരുന്നു. ഇതിന് പിന്നാലെയാണ് ഇവരെ കസ്റ്റഡിയിൽ എടുത്തത്. നേരത്തെ രണ്ടുതവണ ഹാജരാകാൻ ആവശ്യപ്പെട്ട് കവിതയ്ക്ക് ഇ.ഡി. സമൻസ് നൽകിയിരുന്നു. എന്നാൽ, കവിത ഹാജരായിരുന്നില്ല.

അതേസമയം, ഇതേകേസിൽ ഹാജരാകാൻ ഇ.ഡി. നൽകിയ സമൻസ് സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ട് അരവിന്ദ് കെജ്‌രിവാൾ നൽകിയ ഹർജി ഡൽഹി റോസ് അവന്യൂ കോടതി തള്ളി. നേരിട്ട് ഹാജരാവുന്നതിൽനിന്ന് ഇളവ് ആവശ്യപ്പെട്ട് കെജ്‌രിവാളിന് വിചാരണക്കോടതിയെ സമീപിക്കാമെന്ന് കോടതി വ്യക്തമാക്കി. ഹാജരാകാനാവശ്യപ്പെട്ട് ഇ.ഡി. എട്ട് സമൻസുകൾ നൽകിയിരുന്നെങ്കിലും അദ്ദേഹം ഹാജരായില്ല.

## 12 സഹകരണ ബാങ്കുകളിൽ ക്രമക്കേട്; വിവരങ്ങൾ ഹൈക്കോടതിയെ അറിയിച്ച് ഇ.ഡി.

കൊച്ചി: സംസ്ഥാനത്ത് ക്രമക്കേട് കണ്ടെത്തിയ പന്ത്രണ്ട് സഹകരണ ബാങ്കുകളുടെ പേരുവിവരങ്ങൾ ഹൈക്കോടതിയെ അറിയിച്ച് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി.). അയ്യന്തോൾ, മാരായമുറ്റം, കണ്ടല, ചാത്തന്നൂർ, മൈലപ്ര, മാവേലിക്കര, തുമ്പൂർ, നടയ്ക്കൽ, കോന്നി റീജിയണൽ, ബി.എസ്.എൻ.എൽ എഞ്ചിനിയേഴ്സ്, മൂന്നിലവ് സഹകരണ ബാങ്കുകളിലാണ് ക്രമക്കേട് നടന്നത്. കരുവന്നൂരിനുപുറമെ ക്രമക്കേട് കണ്ടെത്തി കേസുകൾ രജിസ്റ്റർചെയ്ത ബാങ്കുകളാണിവ.

കരുവന്നൂർ തട്ടിപ്പുമായി ബന്ധപ്പെട്ട് ഒരു വ്യക്തി നൽകിയ ഹർജിയിൽ സമർപ്പിച്ച എതിർ സത്യവാങ്മൂലത്തിലാണ് ഇ.ഡി. ഹൈക്കോടതിക്ക് വിവരങ്ങൾ കൈമാറിയത്. സഹകരണ സംഘങ്ങളിൽ അംഗത്വം നൽകുന്നതിൽ ക്രമക്കേടുണ്ട്. കെവൈസി രേഖപ്പെടുത്തിയതിലും അംഗത്വ രജിസ്റ്റർ പാലിക്കുന്നതിലും നിയമവിരുദ്ധതയുണ്ടെന്നും. വായ്പയ്ക്ക് ഈട് നൽകുന്നതിലും വ്യാപക ക്രമക്കേടുണ്ടെന്നും ഇ.ഡി. ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ പറയുന്നു.

കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് കേസന്വേഷണം നിർണായക ഘട്ടത്തിലാണെന്ന് ഇ.ഡി. വ്യക്തമാക്കി.

### ദിവ്യാ എസ് മേനോന്റെ ജന്മ ദിനം മാർച്ച് പതിനാലിനാണ്

## അനുരാഗ ഗാനം പോലെ ദിവ്യ

**മോഹൻ ശ്രീശൈലം**

അനുരാഗത്തിന്റെ മധുരസ്വരം പോലെ ഹൃദയത്തിൽ ആഴ്ന്നിറങ്ങുന്നതാണ് ദിവ്യയുടെ ആലാപനം. തൃശൂർ സ്വദേശിനിയാണ് ദിവ്യ.

മെക്കാനിക്കൽ എഞ്ചിനീയർ ആയ സോമൻ കുറുപ്പിന്റെയും ഭാര്യ മീനയുടെയും മകളായി 1987 മാർച്ച് 14 ന് ജനിച്ചു. കുഞ്ഞു പ്രായത്തിലെ സംഗീതം അഭ്യസിച്ചു തുടങ്ങിയ ദിവ്യയുടെ പ്രാഥമിക വിദ്യാഭ്യാസം കേരളത്തിലെ വിവിധ സ്ഥലങ്ങളിലുള്ള കേന്ദ്രിയ വിദ്യാലയയിലും ഭാവൻസ് വിദ്യമന്ദിറിലുമൊക്കെ ആയിരുന്നു. തൃശ്ശൂർ കേരള വർമ്മ കോളേജിൽ നിന്നും ബികോം പാസായ ശേഷം സെയിന്റ് തെരെസാസ്സിൽ നിന്നും ഫാഷൻ ഡിസൈണ്ടനിംഗിൽ പി ജി ഡിപ്ലോമയും കരസ്ഥമാക്കി. കർണ്ണാണ്ടകണ്ടസംഗീണ്ടതവും ഹിന്ദുണ്ടസ്ഥാനിസംഗീണ്ടതവും ശാസ്ത്രീയമായി അഭ്യസിച്ചിട്ടുള്ള ദിവ്യയുടെ ഗുരുക്കന്മാർ ശകുന്തള ശേഷാദ്രി, സുനിൽ, മങ്ങാട് നടേശൻ, ഉസ്താദ് ഫിയാസ് ഖാൻ, ദിനേശ് ദേവദാസ് തുടങ്ങിയവർ ആയിരുന്നു.



തുടക്കത്തിൽ ഏഷ്യാനെറ്റ്, ഇന്ത്യവിഷൻ, കൈരളി, കൈരളി ടി വി തുടങ്ങിയ ചാനലുകളിൽ സംഗീത പരിപാടികൾ അവതരിപ്പിച്ചിരുന്ന ദിവ്യ സിനിമയിൽ ആദ്യമായി പാടുന്നത് ഈ പട്ടണത്തിൽ ഭൂതം എന്ന ചിത്രത്തിൽ ആയിരുന്നു. കൈരളി ടി വി യിൽ പരിപാടി അവതരിപ്പിക്കുന്ന സമയത്താണ് ഷാൻ റഹ്മാൻ വിനീത് ശ്രീനിവാസൻ എന്നിവർ ചേർന്നൊരുക്കിയ കോഫി @ എം ജി റോഡ് എന്ന ആൽബത്തിലേക്ക് പാടാൻ ക്ഷണം ലഭിക്കുന്നത്. പിന്നീട് വിവിധ ആൽബങ്ങളിൽ ദിവ്യ പാടി. വിനീത് ശ്രീനിവാസൻ സംവിധാനം ചെയ്ത് 2012ൽ പുറത്തുവന്ന തട്ടത്തിൻ മറയത്ത് എന്ന ചിത്രത്തിലെ 'അനുരാഗം അനുരാഗം അതിനാഴം തേടുന്നു ഞാൻ' എന്ന ദിവ്യ ആലപിച്ച ഗാനം പ്രേക്ഷക ശ്രദ്ധ നേടി. തുടർന്ന് നിരവധി ഹിറ്റ് സിനിമകളിൽ പാടുവാൻ ദിവ്യക്ക് അവസരം ലഭിച്ചു. ബാംഗ്ലൂർ ഡേയ്സ് എന്ന ചിത്രത്തിലെ തുടക്കം മാഗല്യം ചാർളിയിലെ പുതുമഴയായ് തുടങ്ങിയ പാട്ടുകൾ എല്ലാം ദിവ്യക്ക് നിരവധി അംഗീകാരങ്ങൾ നേടിക്കൊടുത്തു. മലയാളത്തിന് പുറമെ തമിഴിലും തെലുങ്കിലും പാടിക്കഴിഞ്ഞു ദിവ്യ. സംഗീതത്തിൽ മാത്രമല്ല പെയിന്റിംഗിലും ജ്വല്ലറി മേക്കിങ്ങിലും ഒരു പോലെ മികവ് തെളിയിച്ചിട്ടുണ്ട് ദിവ്യ. തന്റെ ജ്വല്ലറി മേക്കിങ് ബ്രാൻഡ് ആയ 'ജിംഗിൾസ്' ന്റെ കീഴിൽ നിരവധി എക്സിബിഷൻസും ദിവ്യ നടത്തിയിട്ടുണ്ട്. ഭർത്താവ് രഘുവിനും മകൾക്കുമൊപ്പം തൃപ്പൂണിത്തുറയിൽ ആണ് ഇപ്പോൾ താമസിക്കുന്നത്.



നോട്ടിക്കൽ ടൈംസ് കേരള



# ആകാശക്കാഴ്ചയുടെ ജാലകം തുറന്ന് ആമപ്പാറ എക്കോ ടൂറിസം കേന്ദ്രം

നെടുങ്കണ്ടം: സാഹസിക സഞ്ചാരികളുടെ പ്രിയപ്പെട്ട ഇടങ്ങളിലൊന്നായ രാമക്കൽമേട് ആമപ്പാറയിൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിൻറെ ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായി നിർമാണം പൂർത്തീകരിച്ച 'ജാലകം ഇക്കോ ടൂറിസം കേന്ദ്രം' ഇന്ന്(മാർച്ച് 14, വ്യാഴം) നാടിന് സമർപ്പിക്കും.

ഇതോടെ ഇവിടം ജില്ലയുടെ വിനോദസഞ്ചാര ഭൂപടത്തിലെ ഹോട്ട് സ്പോട്ടായി മാറുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ആമപ്പാറയിൽ ടിക്കറ്റ് കൗണ്ടർ, സുരക്ഷാ വേലി, വാച്ച് ടവർ, നടപ്പാതകൾ, അലങ്കാര ലൈറ്റുകൾ, സഞ്ചാരികൾക്ക് കാഴ്ചകണ്ട് വിശ്രമിക്കാനുള്ള മാർബിൾ ഇരിപ്പിടങ്ങൾ, ശൗചാലയ ബ്ലോക്ക് എന്നിവയാണ് 3.16 കോടി രൂപ മുടക്കി ഒരുക്കിയിരിക്കുന്നത്.

ദൂരക്കാഴ്ചയിൽ ആമയുടെ രൂപത്തോട് സാദൃശ്യമുള്ള ഈ പാറയിലേക്ക് ഒരാൾക്കു മാത്രം കഷ്ടിച്ചു പോകാൻ കഴിയുന്ന നടപ്പാതയാണുള്ളത്. ഇവിടെയുള്ള കൂറ്റൻ പാറയ്ക്കു ചുവട്ടിലായി രണ്ട് വലിയ ഗുഹകൾ ഉണ്ട്.

ഇതിൽ ഒന്നിലൂടെ കയറി മറ്റേ ഗുഹയിലൂടെ പുറത്തിറങ്ങാമെന്നുള്ളത് പ്രത്യേകതയാണ്. ഈ പടുകൂറ്റൻ പാറയ്ക്കുള്ളിലൂടെ അതിസാഹസികമായി സഞ്ചരിച്ച് മറുവശത്തെത്തിയാൽ മനോഹരമായ കാഴ്ചകളാണ് സഞ്ചാരികളെ കാത്തിരിക്കുന്നത്.

രാമക്കൽമേട്ടിലെ കുറുവൻ കുറത്തി ശിൽപം, മലമുഴക്കി വേഴാമ്പൽ വാച്ച് ടവർ, കോടമഞ്ഞ് പുതച്ച മലനിരകൾ, കാറ്റാടി പാടം, തമിഴ്നാട്ടിലെ തേനി, മധുര ജില്ലകളുടെ വിദൂര ദൃശ്യങ്ങൾ, വൈഗ ഡാം, രാമക്കല്ല്, സൂര്യോദയം, സൂര്യാസ്തമനം തുടങ്ങി ആകാശക്കാഴ്ചയുടെ വിശാലലോകമാണ് ആമപ്പാറ കാത്തുവച്ചിരിക്കുന്നത്. ഇക്കോ ടൂറിസം പദ്ധതി യാഥാർഥ്യമാകുന്നതോടെ വിദേശിയരടക്കമുള്ള വിനോദസഞ്ചാരികളുടെ ഇഷ്ടകേന്ദ്രങ്ങളിലൊന്നായി ആമപ്പാറയും മാറും.

ഇന്ന് വൈകുന്നേരം നാലിന് പദ്ധതിയുടെ ഉദ്ഘാടനം പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് ഓൺലൈനായി നിർവഹിക്കും. തോവാളപ്പടി കമ്യൂണിറ്റി ഹാളിൽ നടക്കുന്ന യോഗത്തിൽ എം.എം മണി എം.എൽ.എ അധ്യക്ഷത വഹിക്കും.

ഡീൻ കുര്യാക്കോസ് എം.പി മുഖ്യപ്രഭാഷണം നടത്തും.

ത്രിതല പഞ്ചായത്ത് സാരഥികൾ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കുമെന്ന് സംഘാടക സമിതി ഭാരവാഹികളായ ലേഖാ ത്യാഗരാജൻ, വിജിമോൾ വിജയൻ, ജോജോ ജോസഫ് എന്നിവർ പറഞ്ഞു.

# നേരേകടവ്മാക്കേക്കടവ് കായൽപാലം നിർമാണം പുനരാരംഭിച്ചു

വൈക്കം: നേരേകടവ് മാക്കേക്കടവ് കായൽ പാലം നിർമാണം പുനരാരംഭിച്ചു. മാക്കേക്കടവിൽ നടന്ന യോഗത്തിൽ എ.എം. ആരീഫ് എംപി നിർമാണ പ്രവർത്തനങ്ങളുടെ സ്വിച്ച് ഓൺ നിർവഹിച്ചു.

അരൂർ, വൈക്കം മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് വേമ്പനാട്ടുകായലിൽ മാക്കേക്കടവ്നേരേകടവ് ഫെറിയിൽ നിർമാണത്തിലിരിക്കെ ആറുവർഷമായി നിലച്ച പ്രവൃത്തികളാണ് പുനരാരംഭിച്ചത്. എം എൽ എ മാരായ സി.കെ. ആശ, ദലീമ ജോജോ, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

പാലത്തിൻറെ പടിഞ്ഞാറെക്കരയിൽ നാലു പൈലുകൾ താഴ്ത്തുന്ന പ്രവർത്തനങ്ങളാണ് ഇന്നലെ ആരംഭിച്ചത്. അതോടൊപ്പം ബീമുകളുടെ നിർമാണത്തിനുള്ള ലോഞ്ചിംഗ് ഉപകരണങ്ങളും നിർമാണ സൈറ്റിലേക്ക് എത്തിച്ചുകൊണ്ടിരിക്കുകയാണ്. നിർമാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിക്കണമെന്ന് എംപി കരാറുകാർക്ക് നിർദേശം നൽകി.സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച തർക്കങ്ങളെത്തുടർന്നാണ് നേരത്തേപാലം നിർമാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ടി വന്നത്. തുടർന്ന് റവന്യു വകുപ്പിൻറെ നേതൃത്വത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മാക്കേക്കടവിലും നേരേകടവിലുമായി ഭൂവുടമകളിൽ നിന്നായി സ്ഥലം ഏറ്റെടുത്തു.

പിന്നാലെ റേറ്റ് റിവിഷൻ സംബന്ധിച്ച പ്രശ്നം ഉയർന്നുവന്നു. നിർമാണം വൈകിയതുമൂലമുണ്ടായ അധികച്ചെലവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിർമാണ കമ്പനിയുടെ അപേക്ഷ മന്ത്രിസഭായോഗം അംഗീകരിച്ചതോടെയാണ് പുനർനിർമാണ പ്രവർത്തനങ്ങൾക്ക് തുടക്കമായത്.

# വിദേശജോലി വാഗ്ദാനം ചെയ്ത് പണം തട്ടിയ കേസിൽ യുവാവ് അറസ്റ്റിൽ

തൊടുപുഴ: വിദേശത്ത് ജോലി വാഗ്ദാനം ചെയ്ത് പണം തട്ടിയെടുത്ത കേസിൽ യുവാവ് അറസ്റ്റിൽ. വണ്ണപ്പുറം ദർഭത്തൊട്ടി വേലംപറമ്പിൽ ജോബി ജോസഫിനെ(28)യാണ് തൊടുപുഴ പോലീസ് അറസ്റ്റ് ചെയ്തത്. തൊടുപുഴ സ്വദേശിയുടെ പരാതിയിലാണ് അറസ്റ്റ്.തൊടുപുഴ കെഎസ്ആർടിസി സ്റ്റാൻഡിനു സമീപം റിക്രൂട്ടിംഗ് സ്ഥാപനം നടത്തിവരികയായായിരുന്നു ജോബി. ഒരുവർഷം മുന്പ് യുകെയിൽ ജോലി നൽകാമെന്നു പറഞ്ഞ് മൂന്നുലക്ഷം രൂപ പരാതിക്കാരനിൽനിന്ന് ജോബി വാങ്ങി. ഏറെ നാളായിട്ടും ജോലി ലഭിക്കാത്തതിനെ ത്തുടർന്ന് തുക തിരികെ ചോദിച്ചെങ്കിലും നൽകിയില്ല. തുടർന്നാണ് തൊടുപുഴ പോലീസിൽ പരാതി നൽകിയത്. ഇതോടെ ജോബിയെ പോലീസ് കസ്റ്റഡിയിലെടുക്കുകയായിരുന്നു.

നിലവിൽ തൊടുപുഴ പരാതിയുടെ അടിസ്ഥാനത്തിലാണ് കേസെങ്കിലും മറ്റ് ജില്ലകളിൽനിന്നുൾപ്പെടെ ഇരുപതോളം പരാതികൾ ജോബിക്കെതിരേ കിട്ടിയിട്ടുണ്ടെന്നും തുടരന്വേഷണം നടക്കുമെന്നും സിഐ മഹേഷ്കുമാർ പറഞ്ഞു. കോടതിയിൽ ഹാജരാക്കിയ പ്രതിക്ക് ഉപാധികളോടെ ജാമ്യം അനുവദിച്ചു.

തിരുനാൾ

# പട്ടയവിതരണ നടപടികൾ വേഗത്തിലാക്കും: സി.കെ. ആശ

ടിവിപുരം: ടിവിപുരം ഐഎച്ച്ഡിപി കോളനി നിവാസികൾക്കുള്ള പട്ടയ വിതരണ നടപടികൾ വേഗത്തിലാക്കുമെന്ന് സി.കെ. ആശ എംഎൽഎ അറിയിച്ചു. കോളനി നിവാസികൾ നിലവിൽ താമസിക്കുന്ന ഭൂമി പട്ടിക വർഗ വകുപ്പിൻറെ ഉടമസ്ഥതയിലാണ് ഉണ്ടായിരുന്നത്.

2023 നവംബർ 24ൽ ചേർന്ന യോഗത്തിൽ ഭൂമി റവന്യുവകുപ്പിനു തിരികെ കൈമാറുന്നതിന് നിർദേശം നല്കി. അതുപ്രകാരം നടപടികൾ പൂർത്തീകരിച്ച് 2024 മാർച്ചിൽ ഭൂമി റവന്യു വകുപ്പിന് കൈമാറി. തുടർ നടപടികളുടെ ഭാഗമായി വസ്തു അളന്ന് തിട്ടപ്പെടുത്തുന്നതിന് ആവശ്യമായ സർവേ ജോലികൾക്കായി പ്രത്യേക ഉദ്യോഗസ്ഥ സംഘത്തെ നിയോഗിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

സർവേ നടപടികൾ 18ന് ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിച്ച് പട്ടയ വിതരണം വേഗത്തിലാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകിയതായും സി.കെ. ആശ എംഎൽഎ അറിയിച്ചു.

ഇന്നലെ വൈക്കം താലൂക്ക് കോൺഫറൻസ് ഹാളിൽ നടന്ന സർവകക്ഷി യോഗത്തിലാണ് എംഎൽഎ ഇക്കാര്യങ്ങൾ അറിയിച്ചത്. യോഗത്തിൽ തഹസീൽദാർ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ സമരസമിതി കൺവീനർ സമരസഹായ സമിതി ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

# നിർത്തിയിട്ട ഓട്ടോ കത്തിനശിച്ചു

ചെങ്ങന്നൂർ: വഴിയിൽ നിർത്തിയിട്ട ഓട്ടോ കത്തിനശിച്ചു. ചെങ്ങന്നൂർ വാഴർമംഗലം അംബിക ഭവനത്തിൽ ദിലീപ് കുമാറിൻറെ ഓട്ടോയാണ് പൂർണമായും കത്തി നശിച്ചത്. ഇന്നലെ ഉച്ചയ്ക്ക് രണ്ടിന് കൊഴുവല്ലൂർ പുന്തല പൂന്താനത്തു പടിയിലായിരുന്നു സംഭവം. ഇവിടെയുള്ള മരണവീട്ടിലേക്ക് ചെങ്ങന്നൂരിൽനിന്നുള്ള രണ്ടു വനിതായാത്രക്കാരെ എത്തിച്ച ശേഷം തിരികെ കൊണ്ടുപോകാനായി കാത്തുക്കിടക്കുകയായിരുന്നു ഓട്ടോ.

ഡ്രൈവറായ ദിലീപും സമീപം നിൽക്കുന്നുണ്ടായിരുന്നു. അതിനിടെ അപ്രതീക്ഷിതമായി ഓട്ടോയിൽനിന്ന് ചെറിയ രീതിയിൽ തീപ്പൊരി ഉയരുകയും സംഗതി എന്താണെന്നു പരിശോധിക്കുന്നതിനിടെ ശക്തിയായി തീജ്വാല ഉയരുകയുമായിരുന്നു. നാട്ടുകാരുടെ സഹായത്തോടെ തീ അണയ്ക്കാൻ നടത്തിയ ശ്രമങ്ങളെല്ലാം വിഫലമാക്കി വാഹനം പൂർണമായും കത്തിനശിക്കുകയായിരുന്നു.

വിവരമറിഞ്ഞ് ചെങ്ങന്നൂരിൽ നിന്നും അഗ്നിശമന സേനയും സ്ഥലത്തെത്തിയിരുന്നു. ബാറ്ററിയിൽനിന്നും എൻജിനിലേക്ക് പോകുന്ന വയർ കത്തി പെട്രോൾ ടാങ്കിലേക്ക് തീ പടർന്നതാണു വാഹനം കത്തിനശിക്കാൻ കാരണമെന്നാണ് പ്രാഥമിക നിഗമനം. മൂന്നരലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നു.

വായ്പയെടുത്ത പണം കൊണ്ടാണ് ദിലീപ് ഓട്ടോ വാങ്ങിയത്. ഇതിൻറെ മാസത്തവണ അടച്ചുവരികയായിരുന്നു. 20 വർഷമായി ഓട്ടോ ഓടിച്ചാണ് ദിലീപ് കഴിയുന്നത്.

# ഹോസ്റ്റലിലും അടച്ചിട്ട വീട്ടിലും മോഷണം

മെഡിക്കൽകോളജ്: തിരുവനന്തപുരം മെഡിക്കൽ കോളജിലെ മെൻസ് ഹോസ്റ്റലിലെ മോഷണത്തിൽ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ കവർന്നു. രണ്ട് മോട്ടോറോള സ്മാർട്ട് ഫോൺ, ഹുവായ്, എച്ച്പി ആപ്പിൾ എന്നിവയുടെ ഓരോ ലാപ്ടോപ്പുകൾ എന്നിവയാണ് കവർന്നത്.

ഇതിനൊപ്പം 6200 രൂപയും നഷ്ടമായിട്ടുണ്ട്. ഹോസ്റ്റലിലെ വിവിധ മുറികളിൽ ഉണ്ടായിരുന്ന ഉപകരണങ്ങളാണ് ഇവ. ബുധനാഴ്ച വൈകുന്നേരം അഞ്ചിനാണ് മോഷണവിവരം പോലീസിൽ അറിയിക്കുന്നത്. അതേസമയം മോഷ്ടാവിൻറെ ദൃശ്യം ഹോസ്റ്റലിൽ സ്ഥാപിച്ചിട്ടുള്ള കാമറയിൽ പതിഞ്ഞതായാണ് പിജി ഡോക്ടർമാർ പറയുന്നത്. ദൃശ്യങ്ങൾ പരിശോധിച്ചശേഷം കൂടുതൽ നടപടികൾ സ്വീകരിക്കുമെന്ന് മെഡിക്കൽ കോളജ് പോലീസ് അറിയിച്ചു.

മെഡിക്കൽകോളജ്: പ്ലാമൂട് തേക്കുംമൂട് ആദർശ് നഗറിൽ അടഞ്ഞുകിടന്ന ഇരുനില വീട്ടിൽ മോഷണം. ഇവിടെനിന്നു സ്വർണ്ണാഭരണങ്ങളും പണവും നഷ്ടപ്പെട്ടതായി ഉടമ പോലീസിൽ പരാതി നൽകി.

ആദർശ് നഗർ ചുണ്ടൻ വീട്ടിൽ ദീപ ജോപിൻറെ വീട്ടിലായിരുന്നു മോഷണം. ദീപ മാതാപിതാക്കൾക്കൊപ്പം എറണാകുളത്താണ് താമസിച്ചു വരുന്നത്. ഇടയ്ക്കിടെയാണ് പ്ലാമൂട്ടിലെ വീട്ടിൽ വന്നുപോകുന്നത്. ബുധനാഴ്ച പുലർച്ചെ 2.30 ആയപ്പോൾ വീട്ടിൽ സ്ഥാപിച്ചിട്ടുള്ള സിസിടിവി കാമറകളുമായുള്ള ബന്ധം മൊബൈലിൽ ലഭിക്കാതായതോടെയാണ് ഇവർക്കു സംശയമായത്. തുടർന്ന് ബന്ധുക്കളെ വിവരമറിയിച്ചു.

പരിശോധനയിൽ താഴത്തെ നിലയുടെ പ്രധാന വാതിൽ കുത്തിപ്പൊളിച്ചതായി കണ്ടെത്തി. വീടിനുള്ളിൽ അഞ്ച് പവനോളം സ്വർണ്ണാഭരണങ്ങളും പണവും ഉണ്ടായിരുന്നതായാണ് വീട്ടുകാർ പറയുന്നത്. മെഡിക്കൽകോളജ് പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

# സൗജന്യ ലാപ്ടോപ്പ്: മാർച്ച് 30 വരെ അപേക്ഷിക്കാം

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ 202324 അദ്ധ്യയന വർഷത്തിൽ പൊതുപ്രവേശന പരീക്ഷയിലൂടെ മെറിറ്റിൽ അഡ്മിഷൻ ലഭിച്ച് MBBS, Engineering, MCA, MBA, MSc. Nursing, BSc. Nursing, BDS, B-Pharm, M-Pharm, Pharm-D, BSc. Forestry, MSc. Forestry, MSc. Agriculture, BSc. Agriculture, M.V.Sc., B.V.Sc., BAMS, BHMS, BSMS, LLB, LLM, All Post Doctoral Degree കോഴ്സുകൾക്ക് പഠിച്ചു കൊണ്ടിരിക്കുന്നവർക്ക് സൗജന്യമായി ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 30 വരെ നീട്ടി. അപേക്ഷയും മറ്റ് വിവരങ്ങളും എല്ലാ ജില്ലാ ഓഫീസുകളിലും ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ സാ൦േളയ.ീൃഴ യിലും ലഭിക്കും. അതോടൊപ്പം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് 2024 മാർച്ച് 30 വരെ കുടിശ്ശിക ഒടുക്കാമെന്നും ഈ അവസരം ഏവരും പ്രയോജനപ്പെടുത്തണമെന്നും ചെയർമാൻ കെ.കെ. ദിവാകരൻ അറിയിച്ചു.

# കെ.ജി.റ്റി.ഇ പ്രിന്റിംഗ് ടെക്നോളജി കോഴ്സുകൾക്ക് അപേക്ഷിക്കാം

സാങ്കേതി വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗും സംയുക്തമായി ആരംഭിക്കുന്ന കേരള ഗവൺമെന്റ് അംഗീകാരമുള്ള ഒരു വർഷ കെ.ജി.റ്റി.ഇ പ്രീപ്രസ് ഓപ്പറേഷൻ കെ.ജി.റ്റി.ഇ പ്രസ് വർക്ക് കെ.ജി.റ്റി.ഇ പോസ്റ്റ്പ്രസ് ഓപ്പറേഷൻ ആൻഡ് ഫിനിഷിംഗ് 202426 കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യതയോ പാസായിരിക്കണം. പട്ടികജാതി/ പട്ടികവർഗ/ മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് ആനുകൂല്യം ലഭിക്കും. ഒ.ബി.സി എസ്.ഇ.ബി.സി മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിയ്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും.

തിരുവനന്തപുരം (0471 2474720, 2467728), എറണാകുളം (04842605322), കോഴിക്കോട് (04952356591, 2723666) എന്നീ കേന്ദ്രങ്ങളിലാണ് കോഴ്സ് നടത്തുന്നത്. അപേക്ഷാ ഫോ 100 രൂപയ്ക്ക് അതാത് സെന്ററിൽ നിന്നും നേരിട്ടും 135 രൂപ മണി ഓർഡറായി മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്, ട്രയിനിംഗ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം 24 എന്ന വിലാസത്തിൽ തപാലിലും/ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷ മാനേജിംഗ് ഡയറക്ടർ, സിആപ്റ്റിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 100 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതവും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക്: 04712474720, 04712467728. വെബ്സൈറ്റ്: ൦൦൦.രമുസേല്യമഹമ.രീ. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 30.

# ഡാറ്റാ എൻട്രി ഓപ്പറേറ്റർ ഒഴിവ്

കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷനിൽ നിലവിലുള്ള ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ (കരാർ നിയമനം) ഒരു ഒഴിവിലെ നിയമനത്തിനായി മാർച്ച് 25 ന് രാവിലെ 10 മുതൽ കമ്മീഷൻ ആസ്ഥാനത്ത് (അയ്യങ്കാളി ഭവൻ, വെള്ളയമ്പലം) വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. പ്രായപരിധി 1836 (സംവരണ വിഭാഗങ്ങൾക്ക് നിയമാനുസൃത ഇളവ് അനുവദിക്കും) 11ന് രജിസ്ട്രേഷൻ അവസാനിക്കും. ഇന്റർവ്യൂവിന് പങ്കെടുക്കുന്നവർ എസ്.എസ്.എൽ.സി, ഡി.സി.എ, എം.എസ് ഓഫീസ്, ടൈപ്പ് റൈറ്റിങ്ങ് (ഇംഗ്ലീഷ്, മലയാളം), പ്രവൃത്തി പരിചയമുണ്ടെങ്കിൽ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ എന്നിവയുടെ ഒറിജിനലും, സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും കൊണ്ടുവരണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2580310.

# അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചു

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സംസ്ഥാനത്തെ ഒ.ബി.സി വിഭാഗങ്ങൾക്ക് വിവിധ മത്സര പരീക്ഷാ പരിശീലനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നടപ്പാക്കി വരുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതിയുടെ ഘടകമായ മെഡിക്കൽ/ എഞ്ചിനീയറിംഗ് പരിശീലന വിഭാഗത്തിന്റെ 2023 24 വർഷത്തെ ഗുണഭോക്താക്കളുടെ അന്തിമ മുൻഗണനാ പട്ടിക www.bcdd.kerala.gov.in, www.egratnz.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ആഫീസുകളിൽ ബന്ധപ്പെടുക.

# 3000 കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കിയ 'സ്നേഹാരാമ'ത്തിന് ലോകാംഗീകാരം: മന്ത്രി ഡോ. ആർ ബിന്ദു

ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലെ നാഷണൽ സർവീസ് സ്കീം സംസ്ഥാനത്ത് നടപ്പാക്കുന്ന സ്നേഹാരാമം പദ്ധതിക്ക് ലോക റെക്കോർഡ് അംഗീകാരം ലഭിച്ചതായി ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. കേരളത്തിലെ തിരഞ്ഞെടുക്കപെട്ട മൂവായിരത്തിലധികം കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കി, പൊതുജനങ്ങൾക്കു ഉപയോഗപ്രദമായ ഇടങ്ങളാക്കി മാറ്റിയ പദ്ധതിയ്ക്കാണ് വേൾഡ് റെക്കോർഡ്സ് യൂണിയന്റെ അംഗീകാരം ലഭിച്ചത്.

വേൾഡ് റെക്കോർഡ്സ് യൂണിയന്റെ അഡ്ജ്യൂഡികേറ്റർ, ക്യൂറേറ്റർ എന്നിവർ അടങ്ങിയ വിദഗ്ദ്ധ സംഘം സ്നേഹാരാമം പദ്ധതി പരിശോധിച്ച് റിപ്പോർട്ടും രേഖകളും വിലയിരുത്തിയിരുന്നു. തുടർന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രിയ്ക്ക് ചേംബറിൽ നടന്ന ചടങ്ങിൽ ഈ നേട്ടത്തിനുള്ള അംഗീകാരപത്രവും മെഡലും കൈമാറി.

ശുചിത്വമിഷന്റെ സഹകരണത്തോടെയാണ് നാഷണൽ സർവീസ് സ്കീം ' സ്നേഹാരാമം' പദ്ധതി നടപ്പാക്കിയത്. എൻഎസ്എസ് പ്രവർത്തനങ്ങളിൽ തിളങ്ങുന്ന അധ്യായമാണ് 'മാലിന്യമുക്ത നവകേരളം' എന്ന മഹാദൗത്യത്തിൽ പങ്കാളിയായി രാജ്യത്തിനുതന്നെ മാതൃക തീർത്ത 'സ്നേഹാരാമങ്ങൾ' സാക്ഷാത്കരിച്ചതെന്നും മന്ത്രി പറഞ്ഞു.

# ആറ് രാജ്യങ്ങൾക്ക് കൂടി വിസരഹിത പ്രവേശനം പ്രഖ്യാപിച്ച് ചൈന

ആറ് യൂറോപ്യൻ രാജ്യങ്ങളിലെ പൗരന്മാർക്ക് കൂടി വിസരഹിത പ്രവേശനം പ്രഖ്യാപിച്ച് ചൈന. സ്വിറ്റ്സർലൻഡ്, അയർലൻഡ്, ഹങ്കറി, ഓസ്ട്രിയ, ബെൽജിയം, ലക്സംബർഗ് രാജ്യങ്ങളിൽ നിന്നുള്ളവർക്കാണ് വിസയില്ലാതെ പ്രവേശനം അനുവദിച്ചത്. ആദ്യഘട്ടത്തിൽ 15 ദിവസത്തേക്കാണ് പ്രവേശനം.

മാർച്ച് 14 മുതൽ നവംബർ 30 വരെയാണ് ബിസിനസ്, ടൂറിസം, ബന്ധുക്കളെയും സുഹൃത്തുക്കളെയും സന്ദർശിക്കുക എന്നിവയ്ക്കായി ചൈനയിലേക്ക് പ്രവേശിക്കാൻ അനുമതിയുള്ളത്. നേരത്തെ ഫ്രാൻസ്, ജർമനി, ഇറ്റലി, നെതർലൻഡ്സ്, സ്പെയിൻ, സിങ്കപ്പൂർ, മലേഷ്യ, ബ്രൂണെ രാജ്യങ്ങളിലെ പൗരന്മാർക്കും വിസരഹിത പ്രവേശനം പ്രഖ്യാപിച്ചിരുന്നു.

തായ്ലൻഡും ചൈനയുമായി വിസയുടെ കാര്യത്തിൽ ഉണ്ടാക്കിയ ധാരണയും ഈ ജനുവരിയിൽ പ്രാബല്യത്തിൽ വന്നിരുന്നു. ഇതുപ്രകാരം ഇരു രാജ്യങ്ങളിലെ പൗരന്മാർക്കും വിസയില്ലാതെ 30 ദിവസം വരെ പരസ്പരം സന്ദർശനം നടത്താം. ആറ് മാസത്തിനിടയിൽ പരമാവധി 90 ദിവസം വരെ ഇത്തരത്തിൽ ഇരു രാജ്യങ്ങളിലും താമസിക്കാം.

പുതിയ പ്രഖ്യാപനങ്ങൾക്ക് ശേഷം ഫ്രാൻസ്, ജർമനി, മലേഷ്യ, സിങ്കപ്പൂർ രജ്യങ്ങളിൽനിന്ന് ചൈന സന്ദർശിക്കുന്നവരുടെ എണ്ണം വളരെയധികം വർധിച്ചിരുന്നു. അവധിക്കാലത്ത് ഈ രാജ്യങ്ങളിൽനിന്ന് 3.23 ദശലക്ഷം സഞ്ചാരികളാണ് ചൈനയിലേക്ക് എത്തിയത്

# ഗാസ: വിശപ്പടക്കാൻ കാത്തുനിന്ന 11 പേരെക്കൂടി കൊന്നു

ഭക്ഷണപ്പൊതികൾക്കായി കാത്തുനിൽക്കവേ ഇസ്രയേലി ടാങ്കുകളിൽനിന്ന് പ്രകോപനമില്ലാതെ വെടിയുതിർക്കുകയായിരുന്നു. പരിക്കേറ്റ 25 ഓളം പേരെ അൽഷിഫ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഇതോടെ ഗാസയിൽ ഭക്ഷണം കാത്തുനിൽക്കുന്നവർക്ക് നേരെ നടത്തിയ കൂട്ടക്കുരുതികളിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 400 ആയി. ഇസ്രയേൽ ഇതുവരെ കൊന്നാടുക്കിയവരുടെ എണ്ണം 31,184 കവിഞ്ഞു.

പട്ടിണി രൂക്ഷമായ ഘട്ടത്തിലാണ് ഗാസയിൽ തിങ്കളാഴ്ചയാണ് റംസാൻ വ്രതം ആരംഭിച്ചത്. തകർക്കപ്പെട്ട പള്ളികളുടെയും കെട്ടിടങ്ങളുടെയും മുന്നിൽ പ്രാർഥനകൾ നടന്നു. വടക്കൻ ഗാസയിൽ 2000 ആരോഗ്യപ്രവർത്തകർ കടുത്ത പട്ടിണി നേരിടുകയാണ്.

# ഡെപ്യൂട്ടേഷൻ നിയമനം

സാമൂഹ്യ നീതി വകുപ്പിന് കീഴിൽ തിരുവനന്തപുരം, പുലയനാർകോട്ടയിൽ പ്രവർത്തിക്കുന്ന ഗവ. കെയർഹോമിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്കക തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്. സ്റ്റാഫ് നഴ്സ് ഗ്രേഡ്കക അല്ലെങ്കിൽ സമാന സ്വഭാവത്തിലുള്ള തസ്തികകളിൽ 3930083000 രൂപ ശമ്പള സ്കെയിലിൽ സേവനമനുഷ്ഠിച്ച് വരുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷകാലയളവിലേക്ക് നിയമനം ലഭിക്കുന്നതിന് അപേക്ഷിക്കാം. താൽപര്യമുള്ളവർ നിയമനാധികാരിയുടെ നിരാക്ഷേപപത്രം സഹിതം കാര്യാലയമേധാവി മുഖേന ഏപ്രിൽ 15ന് മുമ്പായി അപേക്ഷ സമർപ്പിക്കണം.

# മലയോര പട്ടയം വിവരശേഖരണം അപേക്ഷ മാർച്ച് 30 വരെ നൽകാം

1977 ജനുവരി ഒന്നിന് മുൻപ് വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്നവർക്ക് അതത് പ്രദേശത്ത് ബാധകമായ ഭൂപതിവ് ചട്ടങ്ങൾ അനുസരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി ഈ മാസം ഒന്നു മുതൽ ആരംഭിച്ച വിവരശേഖരണ നടപടികൾ മാർച്ച് 30 വരെ നീട്ടി. വനം, റവന്യൂ വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ നടന്ന ഇടങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർ, ജോയിന്റ് വെരിഫിക്കേഷൻ നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ, നാളിതുവരെ പല കാരണങ്ങളാൽ പട്ടയത്തിന് അപേക്ഷിക്കാത്തവർ തുടങ്ങി അർഹരായ ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ അപേക്ഷ നൽകാമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചു.

# ഡ്രൈവർമാർക്കുള്ള ത്രിദിന പരിശീലനം

എൽ.പി.ജി തുടങ്ങിയ പെട്രോളിയം ഉൽപന്നങ്ങൾ, രാസപദാർത്ഥങ്ങൾ, സ്ഫോടക വസ്തുക്കൾ എന്നീ ആപത്കര വസ്തുക്കളുടെ സുരക്ഷിത ഗതാഗതം സംബന്ധിച്ച് ബോധവൽക്കരണവും ലൈസൻസ് ലഭിക്കുന്നതിനായുള്ള പരിശീലനവും 2024 മാർച്ച് 20, 21, 22 തീയതികളിൽ നാറ്റ്പാക്കിന്റെ ആക്കുളം പരിശീലന കേന്ദ്രത്തിൽ നടത്തപ്പെടുന്നതാണ്. വിശദ വിവരങ്ങൾക്ക് ഫോൺ: 0471 2779200, 8921264499.

# കോടതിയിൽ വോട്ട് തേടി ഹൈബി, വിദ്യാർഥികളോട് സംവദിച്ച് ഷൈൻ

കൊച്ചി: കോടതിയിൽ വോട്ടു തേടി ഹൈബിയും വിദ്യാർഥികളോട് സംവദിച്ച് ഷൈനും പ്രചാരണം ഊർജിതമാക്കി. പുത്തൻവേലിക്കര പഞ്ചായത്തിൽ നിന്നാണ് യുഡിഎഫ് സ്ഥാനാർഥി ഹൈബി ഈഡൻ ഇന്നലെ പ്രചാരണം ആരംഭിച്ചത്. പതിമൂന്നാം വാർഡിലെ അമ്പാടി ലെയിനിൻറെ ഉദ്ഘാടനവും ഹൈബി ഈഡൻ നിർവഹിച്ചു.

തുടർന്ന് അഭിഭാഷക കൂടിയായ ഭാര്യ അന്ന ഈഡനുമൊത്ത് ജില്ലാ കോടതിയിലും ഹൈക്കോടതിയിലുമെത്തി വോട്ടഭ്യർഥിച്ചു. അരൂരിൽ നടന്ന കെ.സി. വേണുഗോപാലിൻറെ തെരഞ്ഞെടുപ്പ് കൺവൻഷനിലും ഹൈബി പങ്കെടുത്തു. തുടർന്ന് കുമ്പളങ്ങി പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ വോട്ട് അഭ്യർഥിച്ചശേഷം യൂത്ത് കോൺഗ്രസ് നടത്തിയ നൈറ്റ് മാർച്ചിൽ പങ്കെടുത്തു.

ഹൈബി ഈഡൻറെ തെരഞ്ഞെടുപ്പ് കൺവൻഷൻ ഇന്നു നടക്കും. എറണാകുളം ടൗൺ ഹാളിൽ ഉച്ചകഴിഞ്ഞ് മൂന്നിന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. പി.കെ. കുഞ്ഞാലിക്കുട്ടി മുഖ്യപ്രഭാഷണം നടത്തും. യുഡിഎഫ് സംസ്ഥാന, ജില്ലാ നേതാക്കൾ പ്രസംഗിക്കും.

കളമശേരി ഗവ. ഐടിഐയിലും പോളിടെക്നിക്കിലും കുസാറ്റ് കാമ്പസിലും വിദ്യാർഥികളോട് സംവദിച്ചായിരുന്നു എൽഡിഎഫ് എറണാകുളം ലോക്സഭാ സ്ഥാനാർഥി കെ.ജെ. ഷൈൻറെ ഇന്നലത്തെ പര്യടനം. രാവിലെ കളമശേരി എച്ച്എംടി കവലയിൽ എത്തിയ സ്ഥാനാർഥിയെ തൊഴിലാളികളും എൽഡിഎഫ് പ്രവർത്തകരും സ്വീകരിച്ചു.

കളമശേരി ഗവ. പോളിടെക്നിക് കോളജിൽ വിദ്യാർഥികൾക്കൊപ്പം സെൽഫിയെടുത്തും ജീവനക്കാരുമായി സൗഹൃദം പങ്കിട്ടും നേരേ പോയത് ഗവ. ഐടിഐ കാമ്പസിലേക്ക്. ഉച്ചയോടെ കൊച്ചി സർവകലാശാലയിലെത്തിയ സ്ഥാനാർഥിയെ ജീവനക്കാർ സ്വീകരിച്ചു. തുടർന്ന് കളമശേരിയിലെ ലോറസ് ഗ്രൂപ്പ് ലോജിസ്റ്റിക്സിലെ വിദ്യാർഥികളുമാ!യി സംസാരിച്ചു.

തൃപ്പൂണിത്തുറ മണ്ഡലത്തിലാണ് ഇന്നത്തെ പര്യടനം. രാവിലെ എട്ടിന് മരട് ഈസ്റ്റിൽനിന്ന് ആരംഭിച്ച് മരട് വെസ്റ്റ്, കുമ്പളം പഞ്ചായത്ത്, ഉദയംപേരൂർ പഞ്ചായത്ത് എന്നിവിടങ്ങളിലെത്തി വോട്ടഭ്യർഥിക്കും.

# ചിറങ്ങര ദേശീയപാത കോൺഗ്രസ് പ്രവർത്തകർ ഉപരോധിച്ചു

കൊരട്ടി: നിർമാണത്തിലെ അപാകതമൂലം ചാലുകൾ രൂപപ്പെട്ട ചിറങ്ങര ദേശീയപാത കോൺഗ്രസ് പ്രവർത്തകർ ഉപരോധിച്ചു. സമരത്തിനു നേതൃത്വം നൽകിയ സനീഷ് കുമാർ ജോസഫ് എംഎൽഎ അടക്കം 10 പേരെ കൊരട്ടി എസ്ഐ മുഹമ്മദ് ഷിഹാബ് കുട്ടശേരിയും സംഘവും അറസ്റ്റ് ചെയ്തുനീക്കി. തുടർന്ന് ഇവരെ ജാമ്യത്തിൽ വിട്ടയച്ചു.

ചാലുകൾ രൂപപ്പെട്ടതോടെ ചിറങ്ങര, പെരുമ്പി മേഖലകളിൽ അപകടങ്ങൾ നിത്യസംഭവമായ സാഹചര്യത്തിൽ അത്‌ലറ്റിക് ട്രാക്കുകളല്ല; ഇത് ദേശീയപാതയിൽ രൂപപ്പെട്ട ചാലുകളാണ് എന്ന ശീർഷകത്തിൽ ഇക്കഴിഞ്ഞ നാലിന് ദീപിക പ്രസിദ്ധീകരിച്ച വാർത്തയെ തുടർന്ന് വിഷയം സാമൂഹ്യ മാധ്യമങ്ങളും രാഷ്ട്രീയ സാമൂഹ്യ സംഘടനകളും ഏറ്റെടുക്കുകയായിരുന്നു.

ചിറങ്ങര സിഗ്നൽ ജംഗ്ഷനിൽ ഒത്തുകൂടിയ പ്രവർത്തകർ ഇന്നലെ രാവിലെ 11 നാണ് സമരം ആരംഭിച്ചത്. ദേശീയപാതയുടെ നിർമാണം അശാസ്ത്രീയമാണെന്നും പഠനങ്ങൾക്ക് വിധേയമാക്കി അപാകതകൾ പരിഹരിക്കണമെന്ന് വിവിധ കോണുകളിൽ നിന്നും ആവശ്യങ്ങളുയർന്നിട്ടും ധിക്കാരപരമായ നിലപാടും നിസംഗതയും പുലർത്തുന്ന നാഷണൽ ഹൈവേ അഥോറിറ്റിക്കെതിരെ കോൺഗ്രസ് പ്രവർത്തകർ അതിരൂക്ഷമായ മുദ്രാവാ ക്യങ്ങളാണ് മുഴക്കിയത്. ആദ്യം ഉപറോഡിലും തുടർന്ന് ദേശീയപാതയിലും പ്രവർത്തകർ കിടന്നും ഇരുന്നും പ്രതിഷേധിച്ചു.

ഉപരോധനസമരം സനീഷ്കുമാർ ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. സ്ഥലം സന്ദർശിച്ച് അടിയന്തരമായി പരിഹരിക്കുമെന്ന് ഉറപ്പുകൾ നൽകുന്ന ഹൈവേ അധികൃതർ വാക്കുകൾ പാലിക്കാറില്ലെന്നു പറഞ്ഞ എംഎൽഎ ഇനിയും തൽസ്ഥിതി തുടർന്നാൽ ശക്തമായ സമരങ്ങളിലേക്കു നീങ്ങുമെന്ന് മുന്നറിയിപ്പു നൽകി.

കോൺഗ്രസ് മണ്ഡലം പ്രസിഡൻറും ജില്ലാ പഞ്ചായത്ത് അംഗവുമായ ലീലാ സുബ്രഹ്മണ്യൻ അധ്യക്ഷയായി. ഉപരോധസമരം നീണ്ടതോടെ ദേശീയപാതയിൽ വാഹനക്കുരുക്കും രൂപപ്പെട്ടു. തുടർന്ന് സനീഷ് കുമാർ ജോസഫ് എംഎൽഎ, ലീല സുബ്രഹ്മണ്യൻ, ബ്ലോക്ക് കോൺഗ്രസ് ഭാരവാഹികളായ ഫിൻസോ തങ്കച്ചൻ, മനേഷ് സെബാസ്റ്റ്യൻ, മണ്ഡലം ഭാരവാഹികളായ വർഗീസ് പൈനാടത്ത്, വർഗീസ് പയ്യപ്പിള്ളി, ജോഷി വല്ലൂരാൻ, ഷോജി അഗസ്റ്റിൻ, സച്ചിൻ രാജ്, സിബി കൊടിയപ്പാടൻ എന്നിവരെയാണ് അറസ്റ്റ് ചെയ്തു നീക്കിയത്.

ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ബിജോയ് പെരേപ്പാടൻ, ചാക്കപ്പൻ പോൾ, ഗ്രേസി സ്കറിയ, പോൾസി ജിയോ, പി.പി. സുബ്രഹ്മണ്യൻ, വി.വി. റപ്പായി എന്നിവർ നേതൃത്വം നൽകി.

# കേടായ ടിവി നന്നാക്കി നല്കിയില്ല, നഷ്ടപരിഹാരം വിധിച്ച് കോടതി

കൊച്ചി: പ്രവർത്തനരഹിതമായ ടിവി നന്നാക്കി നൽകാത്തതിനെതിരെ നല്കിയ പരാതിയിൽ 69,448 രൂപ നഷ്ടപരിഹാരം നല്കാൻ വിധിച്ച് ജില്ല ഉപഭോക്തൃ തർക്ക പരിഹാര കോടതി. ആലുവ സ്വദേശി വിനോജ് മാത്യു, സമർപ്പിച്ച ഹർജിയിലാണ് ഉത്തരവ്.

ഉൽപ്പന്നങ്ങളുടെ സ്പെയർപാർട്സ് വിപണിയിൽ ലഭ്യമാക്കേണ്ടത് നിർമാതാക്കളുടെ ചുമതലയാണെന്നും അതു ലഭ്യമല്ലാത്തതു മൂലം പുതിയ ഉത്പന്നം വാങ്ങാൻ ഉപഭോക്താവിനെ നിർബന്ധിക്കുന്നത് അധാർമിക കച്ചവടരീതിയും സേവനത്തിലെ ന്യൂനതയുമാണെന്നും ഡി.ബി. ബിനു അധ്യക്ഷനും വി. രാമചന്ദ്രൻ, ടി.എൻ. ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബെഞ്ച് വിലയിരുത്തി.

2015 ഓഗസ്റ്റിലാണ് പരാതിക്കാരൻ 56,998 രൂപക്ക് ടിവി വാങ്ങിയത്. ഒരു മാസത്തിന് ശേഷം ടിവി തകരാറിലാവുകയും മറ്റൊരു ടിവി എതിർ കക്ഷികൾ നൽകുകയും ചെയ്തു. ആറു വർഷത്തിന് ശേഷം അതിൻറെയും ഡിസ്പ്ലേ തകരാറിലായി. സ്പെയർ പാർട്സ് ലഭ്യമല്ലാത്തതിനാൽ ടിവി റിപ്പയർ ചെയ്ത് നൽകുന്നതിൽ എതിർ കക്ഷികൾ പരാജയപ്പെടുകയും പുതിയ ടിവി വാങ്ങാൻ ഉപഭോക്താവിനെ നിർബന്ധിക്കുകയും ചെയ്തു.

ഉയർന്ന വില നൽകി വാങ്ങിയ ഉൽപ്പന്നം ആറു വർഷം മാത്രം ഉപയോഗിക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതല്ലെന്ന് പരാതിക്കാരൻ ബോധിപ്പിച്ചു.

എന്നാൽ ടിവിയുടെ വാറണ്ടി കാലാവധി തീർന്നതിനു ശേഷമാണ് പരാതിപ്പെട്ടതെന്നും ആറു വർഷം തകരാർ ഒന്നുമില്ലാതെ പ്രവർത്തിച്ചുവെന്നുമുള്ള എതിർകക്ഷികളുടെ വാദം കോടതി പരിഗണിച്ചില്ല. തുടർന്നാണ് ടിവിയുടെ വിലയിൽനിന്ന് 15 ശതമാനം കുറച്ച് 48,448 രൂപയും നഷ്ടപരിഹാരം, കോടതി ചെലവ് ഇനങ്ങളിൽ 21,000 രൂപയും ഒരു മാസത്തിനകം പരാതികാരന് നൽകണമെന്ന് ഉത്തരവ് നൽകിയത്.

# ലൈംഗിക അതിക്രമം; പ്രതിക്ക് 40 വർഷം തടവ്

ഇരിങ്ങാലക്കുട: പ്രായപൂർത്തിയാകാത്ത പെൺകുട്ടിക്കുനേരെ ലൈംഗിക അതിക്രമം നടത്തിയ കേസിൽ പ്രതിക്കു 40 വർഷം തടവും 1,85,000 രൂപ പിഴയും. കുറ്റിച്ചിറ സ്വദേശി അനിൽകുമാറിനെതിരെയാണ് ഇരിങ്ങാലക്കുട അതിവേഗ സ്പെഷൽ കോടതി ജഡ്ജ് സി.ആർ. രവിചന്ദർ വിധി പ്രസ്താവിച്ചത്. 2010 മുതൽ 2016 ഏപ്രിൽവരെയുള്ള കാലയളവിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിക്കുനേരെ ലൈംഗികാതിക്രമം നടത്തിയെന്നാരോപിച്ച് വെള്ളിക്കുളങ്ങര പോലീസ് ചാർജ് ചെയ്ത കേസാണിത്. പ്രോസിക്യൂഷൻ ഭാഗത്തുനിന്നും 14 സാക്ഷികളെയും 19 രേഖകളും തെളിവുകളായി നൽകിയിരുന്നു.

വെള്ളിക്കുളങ്ങര പോലീസ് എസ്ഐ ആയിരുന്ന എ.ബി. സിബിൻ രജിസ്റ്റർ ചെയ്ത കേസിൽ കൊടകര ഇൻസ്പെക്ടർ ആയിരുന്ന കെ. സുമേഷാണ് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചത്. പ്രോസിക്യൂഷനുവേണ്ടി സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. വിജു വാഴക്കാല ഹാജരായി. സീനിയർ സിവിൽ പോലീസ് ഓഫീസർ ടി.ആർ. രജിനി പ്രോസിക്യൂഷൻ നടപടികൾ ഏകോപിപ്പിച്ചു.

പോക്സോ നിയമത്തിൻറെ ആറാം വകുപ്പ് പ്രകാരം 30 വർഷം കഠിനതടവും 1,50,000 രൂപ പിഴയും പിഴയൊടുക്കാതിരുന്നാൽ ഒമ്പത് മാസം വെറും തടവും പോക്സോ നിയമത്തിൻറെ നാലാംവകുപ്പ് പ്രകാരം ഏഴു വർഷം കഠിനതടവും 25,000 രൂപ പിഴയും പിഴയൊടുക്കാതിരുന്നാൽ മൂന്നുമാസം വെറും തടവും എട്ടാം വകുപ്പ് പ്രകാരം മൂന്നുവർഷം വെറും തടവും 10,000 രൂപ പിഴയും പിഴയൊടുക്കാതിരുന്നാൽ രണ്ടുമാസം വെറും തടവിനുമാണ് ശിക്ഷിച്ചത്. പ്രതിയെ വിയ്യൂർ ജയിലിലേക്കു റിമാൻഡ് ചെയ്തു. പിഴസംഖ്യ ഈടാക്കിയാൽ അത് അതിജിവിതയ്ക്ക് നഷ്ടപരിഹാരമായി നൽകുവാനും ഉത്തരവിൽ നിർദേശമുണ്ട്.

# കൊടുങ്ങല്ലൂരിൽനിന്ന് കെഎസ്ആർടിസി അന്തർസംസ്ഥാന സർവീസ് ആരംഭിച്ചു

കൊടുങ്ങല്ലൂർ: കെഎസ്ആർടിസി കൊടുങ്ങല്ലൂർ ഡിപ്പോയിൽനിന്ന് അന്തർസംസ്ഥാന സർവീസ് ആരംഭിച്ചു. കോയമ്പത്തൂരിലേക്കാണ് ആദ്യ സർവീസ്. രാവിലെ 11 ന് തുടങ്ങുന്ന സർവീസ് തൃശൂർ, പാലക്കാട് വഴിയാണ് കോയമ്പത്തൂരിലേക്കു പോകുന്നത്. പിറ്റേന്ന് വെളുപ്പിനു നാലിന് കോയമ്പത്തൂരിൽനിന്നു മടക്കയാത്ര നടത്തും. അടുത്ത ദിവസങ്ങളിൽ മറ്റു രണ്ട് സർവീസുകളുംകൂടി കൊടുങ്ങല്ലൂരിൽ നിന്നാരംഭിക്കുന്നുണ്ട്.

രാവിലെ 6.30 ന് തൃശൂർ വഴി പൊള്ളാച്ചിയിലേക്കും രാവിലെ ഏഴിന് തൃശൂർ പൊള്ളാച്ചി വഴി കോയമ്പത്തൂരിലേക്കുമാണ് സർവീസ് തുടങ്ങുന്നത്.

കോയമ്പത്തൂർ സർവീസ് ഇന്നലെ രാവിലെ വടക്കേനടയിൽ അഡ്വ. വി.ആർ. സുനിൽ കുമാർ എംഎൽഎ ഫ്ലാഗ് ഓഫ് ചെയ്തു. നഗരസഭ ചെയർപേഴ്സൺ ടി.കെ. ഗീത ടിക്കറ്റ് മിഷൻ കണ്ടക്ടർക്ക് കൈമാറി.

പുല്ലൂറ്റ് എ.കെ. അയ്യപ്പൻ സി.വി. സുകുമാരൻ വായനശാല നൽകിയ ബസിനുള്ള 24 നെയിം ബോർഡുകൾ എടിഒ സുനിലിനു കൈമാറി. കെഎസ് ആർടിസി കൊടുങ്ങല്ലൂർ ഇൻസ്പെക്ടർ ഇൻ ചാർജ് ദിലീപ്കുമാർ, കൊടുങ്ങല്ലൂർ പാസഞ്ചേഴ്സ് ഫോറം പ്രതിനിധികളായ കെ.എ. അനൂപ്, റെജിൻ രവി, വായനശാല പ്രസിഡൻറ് നന്ദു അഗസ്റ്റിൻ, വൈസ് പ്രസിഡൻറ് എൻഎം അഷറഫ്, ജോയിൻറ് സെക്രട്ടറി എൻ.എസ്. ജയൻ, നിലോവ്ന, ഫായിസ ഷിഹാബ് എന്നിവർ സംബന്ധിച്ചു.

# നിർത്തിയിട്ടിരുന്ന തടി ലോറിയിൽ പിക്കപ്പ് ഇടിച്ച് യുവാവ് മരിച്ചു

വാഴക്കുളം: വഴിയരികിൽ നിർത്തിയിട്ടിരുന്ന തടി ലോറിയിൽ പിക്കപ്പ് ഇടിച്ചുണ്ടായ അപകടത്തിൽ ഡ്രൈവർക്കൊപ്പം പിക്കപ്പിലുണ്ടായിരുന്ന പാഴ്സൽ കമ്പനി ജീവനക്കാരൻ മരിച്ചു. ഡ്രൈവർക്ക് പരിക്കേറ്റു. പാലക്കാട് വടക്കഞ്ചേരി തേനിടുക്ക് പന്പരംകുന്ന് കുറുമറ്റത്തിൽ കുര്യാക്കോസിൻറെ മകൻ ജോമോൻ കെ. കുര്യാക്കോസ് (40) ആണ് മരിച്ചത്. ഡ്രൈവർ കുറുപ്പുന്തറ സ്വദേശി വിപിൻ ജോസഫി (34)നാണ് പരിക്കേറ്റത്.

ഇന്നലെ പുലർച്ചെ അഞ്ചോടെ സംസ്ഥാന പാതയിൽ വാഴക്കുളം ഫെഡറൽ ബാങ്കിന് മുൻഭാഗത്തായിരുന്നു അപകടം. തൊടുപുഴ ഭാഗത്തുനിന്ന് ഇറച്ചിക്കോഴി കയറ്റി വന്ന പിക്കപ്പ് വാൻ ഫെഡറൽ ബാങ്കിനു മുന്പിൽ ഇടതു വശത്തു നിർത്തിയിട്ടിരുന്ന തടി ലോറിയുടെ പിറകിൽ ഇടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ പിക്കപ്പിൻറെ മുൻഭാഗം പൂർണമായി തകർന്നു.

കല്ലൂർക്കാട് അഗ്നിരക്ഷാ നിലയത്തിലെ സേനാംഗങ്ങളുടെ നേതൃത്വത്തിൽ പിക്കപ്പിൽ കുടുങ്ങിയിരുന്ന ഇരുവരെയും പുറത്തെടുത്ത് തൊടുപുഴയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജോമോൻറെ ജീവൻ രക്ഷിക്കാനായില്ല.

മൃതദേഹം കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടത്തിനു ശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. സംസ്കാരം ഇന്ന് 3.30ന് വടക്കഞ്ചേരി ലൂർദ് മാതാ ഫൊറോന പള്ളിയിൽ. മാതാവ്: ജോളി.സഹോദരി: ജ്യോതി ബിനോയി.

# കാട്ടുകൊന്പൻ വീണ്ടുമെത്തി

കോതമംഗലം: നേര്യമംഗലം കാഞ്ഞിരവേലിയിൽ കൊലകൊല്ലി കാട്ടുകൊന്പൻ വീണ്ടുമെത്തി. ഒരാഴ്ച മുന്പ് ഇന്ദിരയെ കൊന്ന അതേ കൊന്പൻതന്നെയായിരുന്നു ഇതെന്നാണ് നാട്ടുകാർ പറയുന്നത്. ചൊവ്വാഴ്ച രാത്രിയോടെ വീണ്ടുമെത്തിയ കാട്ടുകൊന്പൻ തെങ്ങും വാഴയുമടക്കം നിരവധി കാർഷിക വിളകൾ നശിപ്പിച്ചു. ലക്ഷങ്ങളുടെ നഷ്ടമാണ് കർഷകർക്കുണ്ടായിരിക്കുന്നത്. രാത്രി മുഴുവൻ ആന കൃഷിയിടങ്ങളിൽ വിലസുകയായായിരുന്നു.

ഒരാഴ്ച മുന്പ് കാട്ടാന ആക്രമണത്തിൽ ഇന്ദിര രാമകൃഷ്ണൻ കൊല്ലപ്പെട്ടതിൻറെ സമീപ പ്രദേശത്താണ് ആന വീണ്ടുമെത്തിയിരിക്കുന്നത്. ഇന്ദിരയുടെ മരണത്തിന് ശേഷം ആനശല്യം ഇല്ലാതാക്കാൻ വിവിധ നടപടികൾ സർക്കാർ പ്രഖ്യാപിച്ചിരുന്നു.

ആർആർടിയെ നിയോഗിച്ച് ആനകൾ ജനവാസ മേഖലകളിറങ്ങുന്നില്ലെന്ന് ഉറപ്പാക്കുമെന്നും പ്രഖ്യാപനങ്ങളിലുണ്ടായിരുന്നു. എന്നാൽ ആനകൾ പതിവുപോലെ എത്തുന്പോൾ ജീവനും സ്വത്തിനും സുരക്ഷിതത്വമില്ലാതെ ഉറക്കം നഷ്ടപ്പെട്ട് ആധിയോടെ കഴിയാനാണ് കാഞ്ഞിരവേലിക്കാരുടെ വിധി.

# മദ്യലഹരിയിൽ വീടുകളിൽ കയറി അതിക്രമം: രണ്ടുപേർ പിടിയിൽ

കൊല്ലകടവ്: മദ്യലഹരിയിൽ കൊല്ലകടവിൽ റോഡരികിൽനിന്ന യുവാക്കളെ മർദിക്കുകയും വീടുകളിൽ കയറി അതിക്രമം നടത്തുകയും ചെയ്ത രണ്ടു പ്രതികളെ പോലീസ് പിടികൂടി. ചെറിയനാട് കടയിക്കാട് കൊച്ചുമലയിൽ ആദർശ് (22 ), കടയിക്കാട് അതുൽ ഭവനത്തിൽ അനന്തു (അച്ചൂട്ടൻ22) എന്നിവരെയാണ് വെണ്മണി പോലീസ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ ശനിയാഴ്ച വൈകിട്ട് കൊല്ലകടവ് ഗോൾഡൻ പാലസ് ഓഡിറ്റോറിയത്തിനു സമീപമുള്ള ഷെഫിൻ വില്ലയിൽ മുഹമ്മദ് ആസിഫ്, ഷെബി മൻസിലിൽ ആഷിഖ് മുഹമ്മദ്, പൊയ്കത്തുണ്ടിയിൽ ജലാൽ എന്നിവർ വീടിനു സമീപം നിൽക്കുന്നതുകണ്ട് മദ്യലഹരിയിലായിരുന്ന പ്രതികൾ ഇവരെ ചോദ്യം ചെയ്യുകയും മർദിക്കുകയും ചെയ്യുകയായിരുന്നെന്ന് പോലീസ് പറഞ്ഞു. അക്രമത്തിൽനിന്നു രക്ഷപ്പെടുന്നതിനായി വീടുകളിലേക്ക് ഓടിയ യുവാക്കളെ പ്രതികൾ പിൻതുടർന്നു വീടിനു മുൻവശം ആക്രമിക്കുകയും വീട്ടുപകരണങ്ങളും ചെടിച്ചട്ടികളും കസേരകളും നശിപ്പിക്കുകയും ചെയ്തതായും പോലീസ് പറഞ്ഞു.

ചെങ്ങന്നൂർ ഡിവൈഎസ്പി എം.കെ. രാജേഷിൻറെ നേതൃത്വത്തിൽ വെണ്മണി എസ്എച്ച്ഒ നസീർ, എസ്ഐമാരായ ദിജേഷ്, ബി.ജെ. ആൻറണി എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

# 56.59 ലക്ഷം രൂപയുടെ സ്വർണവും 2.04 ലക്ഷത്തിൻെറ സിഗരറ്റും പിടികൂടി

വലിയതുറ: തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ എയർ കസ്റ്റംസ് ഇൻറലിജൻസ് വിഭാഗം അധികൃതർ നടത്തിയ പരിശോധനയിൽ 56.59 ലക്ഷം രൂപ വില വരുന്ന സ്വർണവും 2.04 ലക്ഷം രൂപ വില വരുന്ന സിഗരറ്റും പിടികൂടി.

ഇന്നലെ രാവിലെ 10.30 ന് ഷാർജയിൽ നിന്നും തിരുവനന്തപുരത്തെത്തിയ ഇൻഡിഗോ വിമാനത്തിലെ ശൗചലയത്തിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ 699.750 ഗ്രാം തൂക്കം വരുന്ന ആറ് സ്വർണ ബാറുകളാണ് അധികൃതർ കണ്ടെടുത്തത്.

ഇതിന് പൊതു വിപണിയിൽ 45 ലക്ഷം രൂപ വില കണക്കാക്കുന്നു. രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിൽ വിമാനത്തിനുളളിൽ നടത്തിയ പരിശോധനയിലാണ് സ്വർണം കണ്ടെടുത്തത്. ഇതിനു പുറമേ ചൊവ്വാഴ്ച മുംബൈയിൽ നിന്നും തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയ ഫ്ളയിറ്റ് നമ്പർ ഐ എക്സ് 554ാം നമ്പർ എയർ ഇന്ത്യാ എക്സ്പ്രസ് വിമാനത്തിലെത്തിയ യാത്രക്കാരനിൽ നിന്നും അധികൃതർ നടത്തിയ പരിശോധനയിൽ 180.07 ഗ്രാം തൂക്കം വരുന്ന 24 കാരറ്റിൻറെ കട്ടി കൂടിയ സ്വർണചെയിൻ പിടിച്ചെടുത്തു.

വിപണിയിൽ 11.59 ലക്ഷം രൂപ വില വരും. കൂടാതെ കഴിഞ്ഞ ദിവസം ഷാർജായിൽ നിന്നുമെത്തിയ ഒരു യാത്രക്കാരനിൽ നിന്നും കസ്റ്റംസ് അധികൃതർ നടത്തിയ പരിശോധനയിൽ ഗോൾഡ് ഫ്ളാക്ക് സിഗരറ്റിൻറെ 12,000 സ്റ്റിക്കുകളും പിടിച്ചെടുത്തു. പൊതു വിപണിയിൽ ഇതിന് 2.04 ലക്ഷം രൂപ വില വരും

# ജനങ്ങൾക്ക് അങ്ങനെയെങ്കിലും അരി കിട്ടട്ടെ: സുരേഷ്ഗോപി

തൃശൂർ: ശബരി കെ റൈസ് വിതരണം ഇന്നാരംഭിക്കുന്പോൾ ജനങ്ങൾക്ക് അങ്ങനെയെങ്കിലും അരി കിട്ടട്ടെ എന്ന പ്രതികരണവുമായി തൃശൂർ ലോക്സഭാ മണ്ഡലം എൻഡിഎ സ്ഥാനാർഥി സുരേഷ്ഗോപി.

പ്രചാരണത്തിനിടെ മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു സുരേഷ്ഗോപി. പദ്മജയെ ബിജെപിയിലേക്ക് ആരും ക്ഷണിച്ചു കൂട്ടിക്കൊണ്ടുവന്നതല്ലെന്നും അവർ സ്വന്തം ഇഷ്ടപ്രകാരം വന്നതാണെന്നും സുരേഷ്ഗോപി പറഞ്ഞു.

സംസ്ഥാനത്തു നിലവിൽ ഭരണവിരുദ്ധവികാരമുണ്ട്. അതു പ്രചാരണവേളയിൽ ജനങ്ങളുടെ പെരുമാറ്റത്തിൽനിന്നു മനസിലായെന്നും ഇത്തവണ ബിജെപിയുടെ വോട്ടുശതമാനം കൂടുമെന്നും സുരേഷ് ഗോപി പ്രതീക്ഷ പ്രകടിപ്പിച്ചു. താൻ ജയിച്ചാൽ തൃശൂരിൽ എലവേറ്റഡ് ഹൈവേ കൊണ്ടുവരുമെന്നും സുരേഷ് ഗോപി വാഗ്ദാനം ചെയ്തു.

# 3742 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു

സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 3742 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം മാർച്ച് 19ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇകുബേർ സംവിധാനം വഴി നടക്കും. ലേലം സംബന്ധിച്ച വിജ്ഞാപനത്തിനും (നമ്പർ: എസ്.എസ് 1/121/2024ഫിൻ. തിയതി 14.03.2024 & എസ്.എസ് 1/122/2024ഫിൻ. തിയതി 14.03.2024) വിശദാംശങ്ങൾക്കും ധനവകുപ്പിന്റെ വെബ്സൈറ്റ് (www.finance.kerala.gov.in) സന്ദർശിക്കുക.

# ജനവാസ മേഖലയിൽ വീണ്ടും കാട്ടാന

മൂന്നാർ: ജനവാസ മേഖലയിൽ ഇറങ്ങിയ കാട്ടാന നാടിനെ വിറപ്പിച്ചു. മൂന്നാർ സെവൻമല എസ്റ്റേറ്റ് പാർവതി ഡിവിഷനിലാണ് ഇന്നലെ രാവിലെ എട്ടോടെ കാട്ടാന ഇറങ്ങിയത്. കട്ടക്കൊമ്പൻ എന്ന വിളിപ്പേരുള്ള കൊമ്പനാണ് എസ്റ്റേറ്റിലെ ലയങ്ങൾക്കു മുമ്പിൽ എത്തിയത്.

തൊഴിലാളികൾ ജോലിക്ക് പോകാൻ തയാറെടുക്കുമ്പോഴാണ് കൊമ്പൻ ലയങ്ങൾക്കു മുമ്പിൽ എത്തിയത്. സ്കൂൾ കുട്ടികൾ അടക്കമുള്ളവർ സ്കൂളുകളിലേക്ക് പോകാൻ തയാറെടുക്കുന്ന വേളയിൽ ആന എത്തിയത് മാതാപിതാക്കളെ ആശങ്കയിലാക്കി.

അടുത്ത വീടുകളിൽനിന്ന് ആളുകൾ ബഹളം ഉണ്ടാക്കിയതോടെ കാട്ടാന റോഡിലേക്കിറങ്ങി അല്പദൂരം നടന്ന ശേഷം കാടു കയറി. ജനവാസ മേഖലയിൽ എത്തുന്ന വന്യജീവികളെ തടയണമെന്നാവശ്യപ്പെട്ട് നിരവധി പ്രതിഷേധ സമരങ്ങൾ നടന്നുവരുന്ന സാഹചര്യത്തിലും വന്യജീവി ആക്രമണം രൂക്ഷമാവുകയാണ്.

വന്യജീവികളെ തടയാൻ സർക്കാർ നിയോഗിച്ച ആർആർ ടീമിൻറെ സേവനം ലഭ്യമായ അവസരത്തിലും വന്യജീവികൾ ജനവാസ മേഖലയിൽ സ്വൈരവിഹാരം നടത്തുകയാണ്. പകൽ നേരങ്ങളിൽ പോലും ജനവാസ മേഖലകൾ സുരക്ഷിതമല്ലാത്ത സാഹചര്യത്തിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് തൊഴിലാളികളുടെ ആവശ്യം.

# തീയതി നീട്ടി

2024 മെയിൽ നടത്തുന്ന കെ.ജി.റ്റി.ഇ കൊമേഴ്സ് പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി മാർച്ച് 19നു വൈകിട്ട് അഞ്ചു വരെ നീട്ടി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA

2024 MARCH 16 SATURDAY



# കൊല്ലത്ത് ഇടതുമുന്നണി ഉജ്വല വിജയം നേടും: കെ.എൻ .ബാലഗോ പാൽ

അഞ്ചൽ : കൊല്ലം പാർലമെൻറ് മണ്ഡലത്തിൽ ഇടത് മുന്നണി ഇക്കുറി ചരിത്ര വിജയം നേടുമെന്ന് മന്ത്രി കെ.എൻ ബാലഗോപാൽ പറഞ്ഞു.

രാജ്യത്തിൻറേയും കേരളത്തിൻറേയും നിലനിൽപ്പിനും ജനാധിപത്യവും നിയമ മേഖലയുടെ അടക്കം സംരക്ഷണത്തിനും ഈ തെരഞ്ഞെടുപ്പിൽ ഇടതുമുന്നണി വിജയിക്കേണ്ടത് അനിവാര്യമാണ്.കേരളത്തിനെ തകർക്കും വിധം കേന്ദ്രം പ്രവർത്തിക്കുമ്പോഴും അതിനെതിരെ ഒരക്ഷരം ഉരിയാടാൻ കൊല്ലം എംപിക്കോ കേരളത്തിലെ യുഡിഎഫിനോ കഴിഞ്ഞിട്ടില്ല. കേരളത്തിൽ വലിയ വികസനങ്ങൾ നടത്തി മുന്നേറുമ്പോൾ കേരളത്തിൻറെ വികസന നേട്ടങ്ങൾ അട്ടിമറിക്കുന്ന പ്രവർത്തനമാണ് കേന്ദ്രം നടത്തുന്നതെന്നും മന്ത്രി പറഞ്ഞു.

ഇടതു മുന്നണിയുടെ പുനലൂർ നിയോജക മണ്ഡലം തെരഞ്ഞെടുപ്പ് കൺവൻഷൻ അഞ്ചലിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബാലഗോപാൽ. പുനലൂർ നിയോജകമണ്ഡലം ചെയർമാൻ എം സലീം അധ്യക്ഷത വഹിച്ചു. നേതാകളായ പി.എസ് .സുപാൽ എംഎൽഎ, എസ്. സുദേവൻ, കെ. രാജു, ജോർജ് മാത്യു, കെ രാജഗോപാൽ, വരദരാജൻ, എസ്. ജയമോഹൻ, അജയപ്രസാദ്, ആയൂർ ബിജു, ലിജു ജമാൽ, ഡി വിശ്വസേനൻ, വി.പി ഉണ്ണികൃഷ്ണൻ, എസ് ബിജു, സി അജയപ്രസാദ്, ആർ സജിലാൽ, എം.എ രാജഗോപാൽ,എം.മുകേഷ് എന്നിവർ പ്രസംഗിച്ചു

# ദേശീയ ആരോഗ്യദൗത്യം ജീവനക്കാർ വേതനത്തിനായി സമരം ആരംഭിച്ചു

ചെറുതോണി: രണ്ടു മാസം കഴിഞ്ഞിട്ടും വേതനം ലഭിക്കാത്തതിൽ പ്രതിഷേധിച്ച് ദേശീയ ആരോഗ്യ ദൗത്യം ജീവനക്കാർ വേതനത്തിനായി സമരം ആരംഭിച്ചു. സംസ്ഥാന വ്യാപകമായി നടന്നുവരുന്ന സമരത്തിൻറെ ഭാഗമായി ജില്ലയിൽ ഇന്നലെ അര മണിക്കൂർ ആശുപത്രിക്ക് മുന്നിൽ നിൽപ്പു സമരം നടത്തി.

ഇന്ന് ഒരു മണിക്കൂർ കുത്തിയിരിപ്പു സമരം നടത്തും. 13ന് ഒരു മണിക്കൂർ വായ മൂടിക്കെട്ടി സമരം നടക്കും. 14ന് കറുത്ത റിബൺ, കറുത്ത എബ്ലം എന്നിവ യൂണിഫോമിൽ കുത്തി സമരം ചെയ്യും. 15ന് ആരോഗ്യ സ്ഥാപനങ്ങളിൽ പട്ടിണിക്കഞ്ഞിവച്ച് പ്രതിഷേധിക്കും. ഇതിനകം ശമ്പളം നൽകിയില്ലെങ്കിൽ സമരം കടുപ്പിക്കാനാണ് ജീവനക്കാരുടെ നീക്കം. ഇതോടെ ചില ആശുപത്രികൾ പൂർണമായും മറ്റ് ആശുപത്രികൾ ഭാഗികമായും നിശ്ചലമാകും.

വേതനം നൽകുന്നതിൽ 60 ശതമാനവും കേന്ദ്ര സർക്കാരിൽനിന്നാണ്. കേന്ദ്രം ഫണ്ട് നൽകാത്തതിൻറെ പേരിലാണ് വേതനം നൽകാനാവാത്തതെന്നാണ് അധികൃതർ പറയുന്നത്. ഇവരുടെ വരുമാനത്തെ മാത്രം ആശ്രയിച്ചു കഴിയുന്ന നിരവധി പേരുണ്ട്. ശമ്പളം ലഭിക്കാത്തതിനാൽ പലരുടെയും ജീവിതം വഴിമുട്ടിയിരിക്കുകയാണ്. ഡോക്ടർമാരും നഴ്സുമാരുമുൾപ്പെടെ ആരോഗ്യ രംഗത്തെ എല്ലാ വിഭാഗത്തിലും എൻഎച്ച്എം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. 71 ദിവസം കഴിഞ്ഞിട്ടും ശമ്പളം ലഭിക്കാതായതോടെ ദുരിതത്തിലായ ജീവനക്കാരുടെ സമരം ആശുപത്രികളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചേക്കും.

# ഹരിതകർമ്മ സേന: ത്രിദിന പരിശീലനം സംഘടിപ്പിച്ചു

മാലിന്യമുക്ത നവകേരളത്തിന്റെ വക്താക്കളാണ് ഹരിതകർമ്മ സേനാംഗങ്ങളെന്ന് കേരള ഖരമാലിന്യ പരിപാലന പദ്ധതി(കെഎസ്ഡബ്ല്യുഎംപി) പ്രോജക്ട് ഡയറക്ടർ ഡോ. ദിവ്യ എസ് അയ്യർ പറഞ്ഞു. 116 ബാച്ചുകളിലായി സംസ്ഥാനത്തെ 93 നഗരസഭകളിൽ സംഘടിപ്പിച്ച ഹരിതകർമ്മ സേനയുടെ ത്രിദിന പരിശീലന പരിപാടിയുടെ സമാപനത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അവർ.

മാലിന്യസംസ്കരണത്തെ കുറിച്ച് വലിയ ഗവേഷണങ്ങൾ നടക്കുന്ന കാലഘട്ടത്തിൽ മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നത് അഭിമാനകരമായ കാര്യമാണ്. സംസ്ഥാനത്തിന് പുറത്തുപോലും ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തിയുടെ തിളക്കം എത്തിച്ചേരുന്നുണ്ടെന്നും മുൻ തലമുറ പ്ലാസ്റ്റിക്കിന് പകരം ഉപയോഗിച്ചതെന്തെന്ന് ചിന്തിച്ചാൽ ഇപ്പോൾ നേരിടുന്ന മാലിന്യപ്രശ്നങ്ങൾ പകുതി കുറയ്ക്കാൻ സാധിക്കുമെന്നും അവർ പറഞ്ഞു.

കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി കിലയുടെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. 116 ബാച്ചുകളിലായി 7500 ഓളം ഹരിതകർമ്മ സേനാംഗങ്ങളാണ് പരിശീലനം പൂർത്തീകരിച്ചത്.

ഹരിതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക, 100% മാലിന്യശേഖരണവും യൂസർഫീ ശേഖരണവും ഉറപ്പ് വരുത്തുക, അധിക വരുമാനത്തിന്റെ കൂടുതൽ സാധ്യതകൾ പരിചയപ്പെടുത്തുക, പശ്ചാത്തല സംവിധാനങ്ങളും വാഹനങ്ങളും ആരോഗ്യ പരിരക്ഷാ മുൻകരുതലുകളും കൂടുതൽ സ്വീകരിക്കുക എന്നിവയാണ് പരിശീലന പരിപാടിയിലൂടെ ലക്ഷ്യമിട്ടത്.

സത്യൻ സ്മാരക ഹാളിൽ നടന്ന ചടങ്ങിൽ തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി ബിനു ഫ്രാൻസിസ്, കെഎസ്ഡബ്ല്യുഎംപി സോഷ്യൽ എക്സ്പേർട്ട് വൈശാഖ് എം ചാക്കോ, കപ്പാസിറ്റി ബിൽഡിംഗ് എക്സ്പേർട്ട് സുനിൽകുമാർ, ഡെപ്യൂട്ടി ജില്ലാ കോർഡിനേറ്റർ അതുൽ സുന്ദർ, ക്ലീൻ സിറ്റി മാനേജർ ബി ബിജു, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് എൻജിനീയർ കാർത്തിക, കില ജില്ലാ ഫെസിലിറ്റേറ്റർ സുഭാഷ് ചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

# പൗരത്വ നിയമ ഭേദഗതിക്കെതിരേ യുഡിഎഫ് പ്രതിഷേധം

കടുത്തുരുത്തി: പൗരത്വ നിയമ ഭേദഗതി ചട്ടങ്ങൾ കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തതിൽ പ്രതിഷേധിച്ചു യുഡിഎഫ് കടുത്തുരുത്തി മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ കടുത്തുരുത്തി ടൗണിൽ സമ്മേളനവും പ്രകടനവും നടത്തി.

കെപിസിസി അംഗം ടി. ജോസഫ് ഉദ്ഘാടനം ചെയ്തു ഫ്ളാഗ് ഓഫ് ചെയ്ത പ്രതിഷേധ മാർച്ചിന് കടുത്തുരുത്തി ബ്ലോക്ക് കോൺഗ്രസ് പ്രസിഡൻറ് ജയിംസ് പുല്ലാപ്പള്ളിൽ നേതൃത്വം നൽകി.

മണ്ഡലം കമ്മിറ്റി ചെയർമാൻ ടോമി മാത്യു പ്രാലടിയിൽ അധ്യക്ഷത വഹിച്ചു. മോൻസ് ജോസഫ് എംഎൽഎ, മാഞ്ഞൂർ മോഹൻകുമാർ, ജോണി കണിവേലി, പ്രമോദ് കടന്തേരി, എം.എൻ. ദിവാകരൻനായർ, മാത്യു പായിക്കാടൻ തുടങ്ങിയവർ പ്രസംഗിച്ചു. എം.കെ. സാംബുജി, എം.കെ. ഇന്ദുചൂഡൻ, ജോയി ചാക്കോ, കെ.കെ. ശശാങ്കൻ, നോബി മുണ്ടയ്ക്കൽ, ടോമി നിരപ്പേൽ, ജെയ്സൺ മണലേൽ, രാജു മൂപ്പനത്ത്, വാസുദേവൻ നമ്പൂതിരി തുടങ്ങിയവർ നേതൃത്വം നൽകി.

പെരുവ: പൗരത്വ നിയമ ഭേദഗതിക്കെതിരേ യുഡിഎഫ് വെള്ളൂർ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ വെള്ളൂർ ജംഗ്ഷനിൽ പ്രതിഷേധ പ്രകടനവും സമ്മേളനവും നടത്തി. കേരള കോൺഗ്രസ് മണ്ഡലം പ്രസിഡൻറ് എം.കെ. ബിജുമോൻ അധ്യക്ഷത വഹിച്ചു. കോൺഗ്രസ് മണ്ഡലം പ്രസിഡൻറ് വി.സി. ജോഷി ഉദ്ഘാടനം ചെയ്തു.

എം.ആർ. ഷാജി, കെ.പി. ജോസ്, ടി.കെ. കുര്യാക്കോസ്, ചന്ദ്രൻ കോതേടത്ത്, മോഹനൻ പള്ളിക്കുന്ന്, പി.കെ. രവി, രമേശൻ കാരടിയിൽ, ലീല ചെറുകുഴിയിൽ, ജയേഷ് മമ്പള്ളി, ഹരി പൂണിത്തറ, കെ.സി. മാത്യു, ജോർജ് പുലിയപ്പുറം, അശോകൻ പമ്പ് ഹൗസ് എന്നിവർ പ്രസംഗിച്ചു.

# വാക്ക് ഇൻ ഇന്റർവ്യൂ 18ന്

ഇ ഹെൽത്ത് കേരള പ്രോജക്ടിൽ ദിവസവേതന അടിസ്ഥാനത്തിൽ ഒഴിവുള്ള അഡ്മിൻ അസിസ്റ്റന്റ്/ ഫിനാൻസ് അസിസ്റ്റന്റ് തസ്തികയിലേക്ക് മാർച്ച് 18ന് രാവലെ 11 മുതൽ ഉച്ചയ്ക്ക് രണ്ടുവരെ വാക്ക് ഇൻ ഇന്റർവ്യൂ നടത്തും.

യോഗ്യരായ ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റ് സഹിതം Director of Health Service, (General Hospital Junction, Thiruvananthapuram) ൽ പ്രവർത്തിക്കുന്ന eHealth Kerala/State Digital Health Mission, ഓഫീസിൽ നേരിച്ച് ഹാജരാകണം. വിശദ വിവരങ്ങൾക്ക് www.arogyakeralam.gov.in / www.ehealth.kerala.gov.in .

# ചങ്ങനാശേരി റെയിൽവേ ജംഗ്ഷൻ ഫ്ളൈഓവർ: ഭൂമി ഏറ്റെടുക്കൽ അമ്പത് ഭൂവുടമകൾ രേഖകൾ ഹാജരാക്കി

ചങ്ങനാശേരി: ചങ്ങനാശേരി റെയിൽവേ ജംഗ്ഷൻ ഫ്ളൈഓവർ നിർമാണത്തിൻറെ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് അമ്പത് ഭൂവുടമകൾ വൈക്കം മറവന്തുരുത്തിലുള്ള കിഫ്ബി സ്പെഷൽ തഹസിൽദാറിൻറെ മുമ്പാകെ രേഖകൾ ഹാജരാക്കി. ആകെ 68 ഭൂവുടമകൾക്കാണ് നോട്ടീസ് നൽകിയിരുന്നത്.


ഇനി 18 ഭൂവുടമകളാണ് രേഖകൾ ഹാജരാക്കാനുള്ളത്. പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ ഉടമകൾ വസ്തുവിൻറെ ഉടമസ്ഥത തെളിയിക്കുന്ന മുഴുവൻ രേഖകളും ബാങ്ക് പാസ്ബുക്കിൻറെ കോപ്പിയും സഹിതം വൈക്കം മറവന്തുരുത്തിലുള്ള കിഫ്ബി സ്പെഷൽ തഹസിൽദാറിൻറെ ഓഫീസിൽ കഴിഞ്ഞ 11, 12 തീയതികളിൽ ഹാജരാകണമെന്നു കാണിച്ച് തഹസിൽദാർ നോട്ടീസ് നൽകിയിരുന്നു.

ഇതിൻറെ അടിസ്ഥാനത്തിലുള്ള ഹിയറിംഗിനാണ് ഭൂവുടമകൾ രേഖകൾ ഹാജരാക്കിയത്. രേഖകൾ പരിശോധിച്ചുവരികയാണെന്ന് അധികൃതർ പറഞ്ഞു.

രേഖകൾ ഹാജരാക്കാത്ത കക്ഷികൾക്ക് രണ്ടു തവണകൂടി നോട്ടീസ് അയയ്ക്കും. നിശ്ചിത സമയപരിധിക്കുള്ളിൽ എത്തി വസ്തുവിൻറെ രേഖകൾ ഹാജരാക്കാത്തവർക്ക് നിയമാനുസൃതമായ നഷ്ടപരിഹാരത്തുക കോട്ടയം അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതിയിൽ കെട്ടിവച്ച് വസ്തു ഏറ്റെടുക്കൽ നടപടികളുമായി മുമ്പോട്ടു പോകുമെന്ന് കിഫ്ബി സ്പെഷൽ തഹസിൽദാർ പറഞ്ഞു. ഇതുസംബന്ധിച്ചുള്ള വിജ്ഞാപനം ദിനപത്രത്തിലും സർക്കാരിൻറെ സൈറ്റിലും പ്രസിദ്ധീകരിച്ചിരുന്നു.

ഹാജരാക്കിയ രേഖകൾ പരിശോധിച്ച് ഉറപ്പാക്കി വില സംബന്ധിച്ച വിവരങ്ങൾ ജില്ലാകളക്ടർക്ക് കൈമാറുന്നതിനുള്ള ജോലികൾ ആരംഭിച്ചിട്ടുണ്ട്. കളക്ടറുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഭൂവുടമകളുടെ അക്കൗണ്ടിലേക്ക് പണം ലഭ്യമാക്കാനും ഇതിനുശേഷം വസ്തു ഏറ്റെടുക്കാനുമുള്ള നടപടികളാണ് പുരോഗമിക്കുന്നത്. ചങ്ങനാശേരി, വാഴപ്പള്ളി ഈസ്റ്റ് വില്ലേജുകളിലായി ഒരേക്കറോളം സ്ഥലമാണ് ഫ്ളൈഓവറിൻറെ നിർമാണത്തിനായി എടുക്കേണ്ടി വരുന്നത്.

1060 മീറ്റർ നീളമുള്ള ഫ്ളൈ ഓവറിന് ഒമ്പതു മീറ്റർ വീതിയും ആറ് മീറ്റർ വീതിയിൽ സർവീസ് റോഡും രണ്ട് മീറ്റർ വീതിയിൽ ഫുട്പാത്തും ഡ്രെയിനേജ് സംവിധാനങ്ങളും ഉണ്ടായിരിക്കും. ഫ്ളൈ ഓവറിൻറെ നിർമാണ ച്ചുമതല പൊതുമരാമത്തുവകുപ്പിൻറെ കീഴിലുള്ള റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപറേഷനാണ്.




*മാലിന്യമുക്ത നവകേരളത്തിൻറെ വക്താക്കളാണ് ഹരിതകർമ്മ സേനാംഗങ്ങളെന്ന് കേരള ഖരമാലിന്യ പരിപാലന പദ്ധതി(കെഎസ് ഡബ്ല്യുഎംപി) പ്രോജക്ട് ഡയറക്ടർ ഡോ.ദിവ്യ എസ് അയ്യർ പറഞ്ഞു. 116 ബാച്ചുകളിലായി സംസ്ഥാനത്തെ 93 നഗരസഭകളിൽ സംഘടിപ്പിച്ച ഹരിതകർമ്മ സേനയുടെ ത്രിദിന പരിശീലന പരിപാടിയുടെ സമാപനത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അവർ.*

# ആലുംമൂട് ജംഗ്ഷനിലെ ഏറ്റുമുട്ടൽ: അഞ്ചുപേർ റിമാൻഡിൽ

നെയ്യാറ്റിൻകര: നെയ്യാറ്റിൻകര ആലുംമൂട് ജംഗ്ഷനിൽ ഏറ്റുമുട്ടിയ സംഘങ്ങളിലെ അഞ്ചു പേർ റിമാൻഡിൽ. കഴിഞ്ഞ ദിവസം രാത്രിയായിരുന്നു രണ്ടു സംഘങ്ങൾ തമ്മിൽ ഏറ്റുമുട്ടിയത്. ആക്രമണത്തിൽ ഗുരുതരമായി വെട്ടേറ്റ കോഴിക്കോട് സ്വദേശിയായ അഖിൽ തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്.

ബാറിലെ മദ്യപാനത്തിനു ശേഷം പുറത്തിറങ്ങിയാണ് ഇരു സംഘങ്ങളും ഏറ്റുമുട്ടിയതെന്ന് നെയ്യാറ്റിൻകര പോലീസ് പറയുന്നു. കോഴിക്കോട് സ്വദേശികളായ മഹേഷും കൂട്ടുകാരും നെയ്യാറ്റിൻകര സ്വദേശി വിഷ്ണുവും സംഘവും തമ്മിലായിരുന്നു ഏറ്റുമുട്ടൽ.

വിഷ്ണുവിൻറെ സംഘത്തിലെ ഹരികൃഷ്ണൻ (27), സാജൻ (27), അർഷാദ് (26), എബി അശോക് (28), അനൂപ് (24) എന്നിവർ കഴിഞ്ഞ ദിവസം രാത്രിയിൽ തന്നെ പോലീസ് പിടിയിലായി. ഈ സംഘത്തിലെ മറ്റംഗങ്ങൾക്കു വേണ്ടിയുള്ള തിരച്ചിൽ തുടരുന്നതായി പോലീസ് അറിയിച്ചു. അറസ്റ്റിലായ അഞ്ചു പേരെയും നെയ്യാറ്റിൻകര കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

ഏറ്റുമുട്ടലിൻറെ കാരണം വ്യക്തമായിട്ടില്ലെന്ന് പോലീസ് പറഞ്ഞു. സാന്പത്തിക ഇടപാടുകളടക്കമുള്ള വിവരങ്ങൾ അന്വേഷിക്കുന്നതായും പോലീസ് അറിയിച്ചു.ആലുംമൂട്ടിൽ സമാധാനാന്തരീക്ഷം പുന:സ്ഥാപിക്കാൻ ബന്ധപ്പെട്ട അധികൃതർ നടപടി സ്വീകരിക്കണമെന്ന് വാർഡ് കൗൺസിലർ മഞ്ചന്തല സുരേഷ് ആവശ്യപ്പെട്ടു.

കഴിഞ്ഞ കുറെ നാളുകളായി ഇത്തരം ആക്രമണങ്ങൾ പതിവാണെന്നും നാട്ടുകാരും വ്യാപാരികളുമൊക്കെ ആശങ്കയിലാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## സ്റ്റേഷനറി വിതരണം

സ്റ്റേഷനറി വകുപ്പിന്റെ തിരുവനന്തപുരത്തെ മുഖ്യ സ്റ്റേഷനറി സ്റ്റോറിൽ വാർഷിക സ്റ്റോക്കെടുപ്പ് നടത്തുന്നതിനാൽ 2024 ഏപ്രിൽ 1 മുതൽ 5 വരെ സ്റ്റേഷനറി വിതരണം ഉണ്ടായിരിക്കുന്നതല്ലെന്ന് സ്റ്റേഷനറി കൺട്രോളർ അറിയിച്ചു.

# ഹരിതകർമ്മ സേന മാലിന്യമുക്ത നവകേരളത്തിൻറെ വക്താക്കൾ: ഡോ. ദിവ്യ എസ് അയ്യർ

തിരുവനന്തപുരം: മാലിന്യമുക്ത നവകേരളത്തിൻറെ വക്താക്കളാണ് ഹരിതകർമ്മ സേനാംഗങ്ങളെന്ന് കേരള ഖരമാലിന്യ പരിപാലന പദ്ധതി(കെഎസ് ഡബ്ല്യുഎംപി) പ്രോജക്ട് ഡയറക്ടർ ഡോ.ദിവ്യ എസ് അയ്യർ പറഞ്ഞു. 116 ബാച്ചുകളിലായി സംസ്ഥാനത്തെ 93 നഗരസഭകളിൽ സംഘടിപ്പിച്ച ഹരിതകർമ്മ സേനയുടെ ത്രിദിന പരിശീലന പരിപാടിയുടെ സമാപനത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അവർ.മാലിന്യസംസ്കരണത്തെ കുറിച്ച് വലിയ ഗവേഷണങ്ങൾ നടക്കുന്ന കാലഘട്ടത്തിൽ മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നത് അഭിമാനകരമായ കാര്യമാണ്. സംസ്ഥാനത്തിന് പുറത്തുപോലും ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തിയുടെ തിളക്കം എത്തിച്ചേരുന്നുണ്ടെന്നും മുൻ തലമുറ പ്ലാസ്റ്റിക്കിന് പകരം ഉപയോഗിച്ചതെന്തെന്ന് ചിന്തിച്ചാൽ ഇപ്പോൾ നേരിടുന്ന മാലിന്യപ്രശ്നങ്ങൾ പകുതി കുറയ്ക്കാൻ സാധിക്കുമെന്നും അവർ പറഞ്ഞു.

കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി കിലയുടെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. 116 ബാച്ചുകളിലായി 7500 ഓളം ഹരിതകർമ്മ സേനാംഗങ്ങളാണ് പരിശീലനം പൂർത്തീകരിച്ചത്.

ഹരിതകർമ്മ സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക, 100% മാലിന്യശേഖരണവും യൂസർഫീ ശേഖരണവും ഉറപ്പ് വരുത്തുക, അധിക വരുമാനത്തിൻറെ കൂടുതൽ സാധ്യതകൾ പരിചയപ്പെടുത്തുക, പശ്ചാത്തല സംവിധാനങ്ങളും വാഹനങ്ങളും ആരോഗ്യ പരിരക്ഷാ മുൻകരുതലുകളും കൂടുതൽ സ്വീകരിക്കുക എന്നിവയാണ് പരിശീലന പരിപാടിയിലൂടെ ലക്ഷ്യമിട്ടത്.

സത്യൻ സ്മാരക ഹാളിൽ നടന്ന ചടങ്ങിൽ തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി ബിനു ഫ്രാൻസിസ്, കെഎസ് ഡബ്ല്യുഎംപി സോഷ്യൽ എക്സ്പേർട്ട് വൈശാഖ് എം ചാക്കോ, കപ്പാസിറ്റി ബിൽഡിംഗ് എക്സ്പേർട്ട് സുനിൽകുമാർ, ഡെപ്യൂട്ടി ജില്ലാ കോർഡിനേറ്റർ അതുൽ സുന്ദർ, ക്ലീൻ സിറ്റി മാനേജർ ബി ബിജു, സോളിഡ് വേസ്റ്റ് മാനേജ്മെൻറ് എൻജിനീയർ കാർത്തിക എംജെ, കില ജില്ലാ ഫെസിലിറ്റേറ്റർ സുഭാഷ് ചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

# പൊതുശ്മശാനത്തിൻെറ നിർമാണോദ്ഘാടനം

നെടുമങ്ങാട്: അരുവിക്കര പഞ്ചായത്തിലെ കൊക്കോതമംഗലം വാർഡിൽ കൊറ്റാമല അഗ്രികൾച്ചറൽ കോളനി പ്രദേശത്ത് പൊതു ശ്മശാനത്തിൻറെ നിർമാണ ഉദ്ഘാടനം അഡ്വ. ജി.സ്റ്റീഫൻ എംഎൽഎ നിർവഹിച്ചു.

പഞ്ചായത്ത് വക വസ്തുവിൽ ഒരു കോടി രൂപ ചെലവിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടി നിർമിക്കുന്ന ക്രിമറ്റോറിയം സാധാരണക്കാരായ ജനവിഭാഗത്തിന് ആശ്രയമാകുന്ന തരത്തിൽ മൃതദേഹങ്ങൾ സംസ്കരിക്കുന്നതിന് വേണ്ടിയാണ് നിർമിക്കുന്നത്.

ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ആർ.കലയുടെ അധ്യക്ഷതയിൽ ജില്ലാ പഞ്ചായത്തംഗം വെള്ളനാട് ശശി, പഞ്ചായത്ത് വൈസ് പ്രസിഡൻറ് രേണുക രവി , ബ്ലോക്ക് ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ വി.ആർ. ഹരിലാൽ,പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ മറിയക്കുട്ടി , അൽഫിയ, ജഗൽ വിനായക് ,ബ്ലോക്ക് ഡിവിഷൻ മെമ്പറായ അരുവിക്കര വിജയൻ നായർ തുടങ്ങിയവർ പങ്കെടുത്തു.

## ലേബർ കോടതി സിറ്റിങ്ങ്

കോഴിക്കോട് ലേബർ കോടതി പ്രിസൈഡിംഗ് ഓഫീസർ സതീഷ്കുമാർ എ.ജി (ജില്ലാ ജഡ്ജ്) ഏപ്രിൽ 19നു രാവിലെ 11ന് പാലക്കാട് ആർ.ഡി.ഒ കോടതി ഹാളിൽ തൊഴിൽ തർക്ക സംബന്ധമായി പാലക്കാട് ക്യാമ്പ് സിറ്റിങ്ങിൽ വിളിച്ചുവരുന്ന കേസുകൾ പരിഗണിക്കും.